കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

# പനവൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ /റ്റി.വി.എം.ജി.പി.6/900/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
e-Mail : dotvm.ksad@kerala.gov.in
Phone : 0471 2331231.

തീയതി 21.10.2020

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പനവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനവൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പനവൂര് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത്‌രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :</u>

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം ( ഉപരിപത്രം സഹിതം ).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം കെ.എസ്.എ /റ്റി.വി.എം.ജി.പി.6/900/2020 തീയതി:- 21.10.2020

## തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2018 മുതൽ 31.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 31അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ശ്രീജ.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.08.2020 മുതൽ 21.08.2020 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മനേഷ്.ബി.എച്ച് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി അസീന.എ.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. പ്രേംനാഥ്.ജി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അനിൽകുമാർ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | |

| | |
|---|---|
| ശ്രീ. അരുൺ.സി.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എസ്.വി.കിഷോർ | 01.04.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. സന്തോഷ് കുമാർ.കെ.ബി. | 01.04.2018 മുതൽ<br>19.07.2018 വരെ |
| | ശ്രീമതി സുചിത്ര.എൽ.മുരളി (ചുമതല) | 20.07.2018 മുതൽ<br>16.08.2018 വരെ |
| | ശ്രീ. സന്തോഷ് കുമാർ.കെ.ബി. | 17.08.2018 മുതൽ<br>07.10.2018 വരെ |
| | ശ്രീ. രാജേഷ്.എസ്.എസ്. | 08.10.2018 മുതൽ<br>20.10.2018 വരെ |
| | ശ്രീമതി സുചിത്ര.എൽ.മുരളി (ചുമതല) | 21.10.2018 മുതൽ<br>23.10.2018 വരെ |
| | ശ്രീ. സന്തോഷ് കുമാർ. ജെ.എസ്. | 24.10.2018 മുതൽ<br>31.03.2019 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി രമാകുമാരി.ബി.ആർ | 01.04.2018 മുതൽ<br>29.06.2018 വരെ |
| | ശ്രീ. അനിൽ.ഡി.ജെ. | 30.06.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ. പ്രീത | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. മനു.പി.രവീന്ദൻ | 01.04.2018 മുതൽ<br>01.08.2018 വരെ |
| | ഡോ. അഖില | 02.08.2018 മുതൽ<br>06.08.2018 വരെ |
| | ഡോ. സ്മിത തോമസ്.പി | 07.08.2018 മുതൽ |

| | | |
|---|---|---|
| | | 26.11.2018 വരെ |
| | ഡോ. ഭദ്ര.പി.വി. | 27.11.2018 മുതൽ<br>21.01.2019 വരെ |
| | ഡോ. സോണി.വി | 22.01.2019 മുതൽ<br>02.02.2019 വരെ |
| | ഡോ. കീർത്തി.എ.ജെ. | 03.02.2019 മുതൽ<br>31.03.2020 വരെ |
| വി.ഇ.ഒ - 1& 2 | ശ്രീ. പ്രേംകുമാർ.വി.എസ്. | 01.04.2018 മുതൽ<br>31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷൈസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി അംബിക അന്തർജനം | 01.04.2018 മുതൽ<br>31.03.2019 വരെ |
| എച്ച്.എം | ശ്രീ.കെ.ബുഹാരി | 01.04.2018 മുതൽ<br>23.10.2018 വരെ |
| | ശ്രീമതി സുലൈഖ.എൻ.എസ് | 24.10.2018 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | കുമാരി ശ്രീദേവി | 01.04.2018 മുതൽ<br>31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | പഞ്ചായത്ത് ഫണ്ട് ക്രമമായി കുറഞ്ഞു വരുന്നു - വരവുചെലവുകൾ ക്രമപ്പെടുത്തേണ്ടതാണ് | 1-12 |
| 13 | അധികാര വികേന്ദ്രീകരണം - നിയമം വഴി കൈമാറിയ ചുമതല പഞ്ചായത്ത് നിർവഹിക്കുന്നില്ല | 1-13 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 15 | റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 16 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല | 1-16 |
| 17 | തനത് ഫണ്ട് ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-17 |
| 18 | പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങൽ - ടെൻഡർ നടപടികൾ ഇല്ലാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഫർണിച്ചർ വാങ്ങി | 1-18 |
| 19 | ഐ എസ് ഒ സർട്ടിഫിക്കേഷൻ - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 20 | വൃദ്ധർക്ക് കട്ടിൽ - ഇ-വേ ബിൽ ഹാജരാക്കിയില്ല | 1-20 |
| 21 | അഗതി രഹിത കേരളം - പദ്ധതി രേഖകൾ ഹാജരാക്കിയില്ല | 1-21 |
| 22 | വീഡിയോ ഡോക്യുമെന്ററി - രേഖകൾ ഹാജരാക്കിയില്ല | 1-22 |
| 23 | പദ്ധതി രൂപീകരണ ചെലവുകൾ - പരിധിക്കു മുകളിൽ ചെലവ് നടത്തി | 1-23 |
| 24 | സ്പോർട്സ് കിറ്റ് വിതരണം- രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല | 1-24 |
| 25 | പേരയം UPS കെട്ടിട നവീകരണം - ചെലവു തുക 63475/- രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 26 | മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല - ചെലവു തുക 4637468 /- രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 27 | പഞ്ചായത്തിന്റെ പശ്ചാത്തല സൗകര്യ വികസനം - വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ പൂർണമായും നടപ്പിലാകുന്നില്ല | 1-27 |
| 28 | ഹരിത ഭവനം - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം | 1-28 |
| 29 | ഹരിതശ്രീ - പ്രോജക്ട് ഫലപ്രാപ്തിയിലെത്തിയില്ല | 1-29 |
| 30 | എ.ബി.സി പ്രോഗ്രാം – വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു | 1-30 |
| 31 | ശുചിത്വ സുന്ദര ഗ്രാമം - പദ്ധതി ക്യാമറ സ്ഥാപിക്കൽ മാത്രമായി ചുരുങ്ങി - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല | 1-31 |
| 32 | ലൈഫ് ഭവനപദ്ധതി (എസ്.സി) - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-32 |
| | | |

| | | |
|---|---|---|
| 33 | ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-33 |
| 34 | ബഡ്സ് സ്കൂളിൽ പോകുന്നവർക്ക് യാത്രാ സൗകര്യം - ചെലവുരേഖകൾ ലഭ്യമല്ല - 19920/-രൂപ തടസ്സപ്പെടുത്തുന്നു | 1-34 |
| 35 | വനിതകൾക്ക് യോഗ പരിശീലനം - ചെലവുരേഖകൾ ലഭ്യമല്ല - 118187/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-35 |
| 36 | സ്പീച്ച് ബിഹേവിയറൽ ഒക്യുപേഷൻ തെറാപ്പി - ചെലവുരേഖകൾ ഹാജരാക്കിയില്ല- 13500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-36 |
| 37 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-37 |
| 38 | ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-38 |
| 39 | മരുന്നുകൾ ലഭ്യമായ രേഖകൾ ഹാജരാക്കിയില്ല | 1-39 |
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 40 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 41 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 44 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 45 | സ്ഥിര നിക്ഷേപം | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 48 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 51 | AUDIT CERTIFICATE | Annexure |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28.03.2018ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 06.02.2019 തീയതിയിലെ 2(1)- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 12.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3997405 |
| വരവ് | 123971523 |
| ആകെ | 127968928 |
| ചെലവ് | 122109854 |
| നീക്കിയിരിപ്പ് | 5859074 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 20067300 | 20067300 | 20067300 | 0 |
| വികസന ഫണ്ട് – എസ്.സി.പി | 0 | 3367358 | 3367358 | 3367358 | 0 |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 808436 | 808436 | 808436 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 10336295 | 10336295 | 10336295 | 0 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 3640166 | 3640166 | 3640166 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6554966 | 6554966 | 6554966 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 54091 | 8479901 | 8533992 | 7739357 | 794635 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 4353 | 681748 | 686101 | 682635 | 3466 |
| ബി - ഫണ്ട് | 0 | 875400 | 875400 | 875400 | 0 |
| സംയുക്ത പ്രോജക്ട് | (-)353800 | 8279167 | 7925367 | 6977789 | 947578 |
| ശുചിത്വ മിഷൻ | 154076 | 1489187 | 1643263 | 202894 | 1440369 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ. ഇ-പേയ്മെന്റ് | 39091 | 58944 | 98035 | 39091 | 58944 |
| തനത് ഫണ്ട് | 3992255 | 59122915 | 63115170 | 60710828 | 2404342 |
| ക്യാഷ് | 107339 | 209740 | 317079 | 107339 | 209740 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 199943184 | 134 | 107649756 | - | 54 | 71 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4353 | 681748 | 686101 | 682635 * | 3466 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 48779655 | 48779655 | 48779655 | 0 |
| ആകെ | 4353 | 49461403 | 49465756 | 49462290 | 3466 |

* ഭരണ ചെലവുകൾക്ക് മതിയായ തുക NREGS ഫണ്ടിൽ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്ന് അനുവദിച്ച 672295/- രൂപ തിരികെ ലഭ്യമായത് adjust ചെയ്യുത് RP16 ൽ പ്രതിഫലിക്കാത്തതാണ് ചെലവും വാർഷിക ധനകാര്യ പത്രികയുമായുള്ള വ്യത്യാസത്തിന് കാരണം.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 545400 | 261 |
| കർഷകതൊഴിലാളി പെൻഷൻ | 8864300 | 632 |
| വിധവാപെൻഷൻ | 14547900 | 1179 |
| വാർദ്ധക്യകാലപെൻഷൻ | 17024700 | 1525 |
| വികലാംഗപെൻഷൻ | 3521600 | 285 |

| | | |
|---|---|---|
| വിവാഹധനസഹായം | 330000 | 11 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 343200 | 26 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2020, 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5540/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1) വരവിനേക്കാൾ കൂടുതൽ ചെലവുകൾ ചെയ്യുന്നതിനാൽ പഞ്ചായത്ത് ഫണ്ടിൽ സാരമായ കുറവ് വന്നിട്ടുണ്ട്. പഞ്ചായത്ത് ഫണ്ട് കുറഞ്ഞു വരുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത ഇല്ലായ്മയാണ് സൂചിപ്പിക്കുന്നത്.

2) ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ കൂടുതലായി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3) പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ട് നിയമം വഴി കൈമാറിയ ചുമതലകൾ പഞ്ചായത്ത് നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4) പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ പുലർത്തുന്നില്ല. കരാറുകാരിൽ നിന്നും റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

5) സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ ടെന്റർ നടപടിക്രമങ്ങൾ പാലിക്കാതിരിക്കുന്നതും പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ സജീവമായ ഇടപെടലിന്റെ അഭാവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

6) മിക്ക പ്രോജക്ടുകളിലും മോണിറ്ററിംഗിന്റെ അഭാവമുണ്ട്. ശുചിത്വ സുന്ദരഗ്രാമം, ഹരിതശ്രീ, ലൈഫ് ഭവന പദ്ധതി (എസ്.സി), വനിതകൾക്ക് യോഗ പരിശീലനം എന്നിവ ഉദാഹരണങ്ങളാണ്.

7) ഹരിത ഭവനം പ്രോജക്ടിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത് ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.01.2020 | 12/2019 | ഇല്ല |
| | | | |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.05.2016 മുതൽ 24.05.2016 വരെ | 2011-12 മുതൽ 2015-16 വരെ | 31.10.2017 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ


വാർഷിക കണക്കുകൾ പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം.ജിപി.6/953/2019 തീയതി 24.06.2019-ാം നമ്പരായി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 പഞ്ചായത്ത് ഫണ്ട് ക്രമമായി കുറഞ്ഞു വരുന്നു - വരവുചെലവുകൾ ക്രമപ്പെടുത്തേണ്ടതാണ്

2018-19 വർഷത്തിൽ പഞ്ചായത്ത് വിവിധ തലങ്ങളിൽ (വരവ്, ചെലവ്) നടത്തിയ സാമ്പത്തിക ഇടപെടലുകളുടെയും ഇടപാടുകളുടെയും അവയുടെ പ്രതിഫലനങ്ങളുടെയും അവലോകനം താഴെ ചേർക്കുന്നു.

(a) നികുതി പിരിവ് (കറന്റ്)

നികുതി ഡിമാൻഡ് ഓരോവർഷവും (2017-18 ഒഴികെ) വർദ്ധിക്കുന്നുവെങ്കിലും മുഴുവൻ നികുതിയും അതേവർഷംതന്നെ പിരിച്ചെടുത്തിട്ടില്ല. മുൻവർഷങ്ങളെ അപേക്ഷിച്ച് 2018-19 വർഷത്തിൽ നികുതി പിരിവിന്റെ ശതമാനം വർധിച്ചിട്ടുണ്ട്.




ശിപാർശകൾ

- പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കേണ്ടത് ആവശ്യമായതിനാൽ ധനകാര്യ കമ്മിറ്റി വിഷയം ശ്രദ്ധിക്കേണ്ടതാണ്. നികുതിപിരിവ് 100ശതമാനം ആക്കാൻ ശ്രമിക്കേണ്ടതാണ്.

(b) പ്ലാൻ /നോൺ പ്ലാൻ ചെലവ്

| ഫണ്ട് | വരവ് | ചെലവ് | ശതമാനം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 20100000 | 20067300 | 99.84 |
| SCP | 5054000 | 3367358 | 66.63 |
| TSP | 1468000 | 808436 | 55.07 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 8103000 | 6554966 | 80.9 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 15745000 | 10336295 | 65.65 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ് | 4034000 | 3640166 | 90.24 |

- വികസന ഫണ്ട് - ജനറൽ 99.84ശതമാനം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. മുഴുവൻ തുകയും ചെലവഴിച്ചത് ശ്ലാഘനീയമാണ്.
- മെയിന്റനൻസ് ഗ്രാന്റ് - റോഡ് ൽ 65.65ശതമാനം തുക മാത്രമാണ് ചെലവഴിച്ചത്. 35 ശതമാനത്തോളം തുക പാഴായി.
- SCP, TSP ഫണ്ടിലെ ചെലവുകൾ യഥാക്രമം 65.63, 55.07 ശതമാനം മാത്രമാണ്. പദ്ധതി ആസൂത്രണ മാർഗരേഖ SCP, TSP ഫണ്ടുകൾ പാഴാക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നു. അതുകൂടാതെ മറ്റു സ്രോതസ്സിൽ നിന്നുള്ള സാധ്യതയും ഉപയോഗപ്പെടുത്തേണ്ടതാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ഇപ്രകാരം വ്യക്തമായ നിർദേശമുള്ളപ്പോൾ TSP ഫണ്ടിൽ നിന്നും 45ശതമാനം തുക പാഴാക്കി കളഞ്ഞത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണ്. SCP ഫണ്ടിൽ നിന്നും 34 ശതമാനത്തിലധികം തുക പാഴാക്കി.

മഹാ പ്രളയം വന്നതിനാലാണ് പദ്ധതി ചെലവ് കുറയാൻ കാരണമെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 15/18.08.2020ന്റെ മറുപടി). മെയിന്റനൻസ് ഗ്രാന്റ് - റോഡ് ഫണ്ടിന്റെ വിഷയത്തിൽ ഈ മറുപടി അംഗീകരിക്കാവുന്നതാണ്.

പ്രളയം ഉണ്ടായിട്ടും വികസന ഫണ്ട് - ജനറൽ, SFCഫണ്ട്, എന്നിവ ഉയർന്ന ശതമാനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ പ്രളയം കാരണം SCP, TSP ഫണ്ട് പാഴായി എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. വ്യക്തമായ ആസൂത്രണത്തിന്റെ അഭാവം വിലയിരുത്തുന്നു.

<u>ശിപാർശകൾ</u>

- ഫണ്ടുകൾ പൂർണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- ഇത്രയധികം പ്ലാൻ ഫണ്ട് (SCP & TSP) പാഴാക്കിയതിന്മേൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്

<u>(c) വികസന ഫണ്ട് - മേഖലാ ചെലവുകൾ - വകയിരുത്തൽ</u>

| മേഖല | വകയിരുത്തിയത് | ചെലവ് | ശതമാനം |
|---|---|---|---|
| ഉല്പാദനം | 6067670 | 3635420 | 59.91 |
| സേവനം | 4036349 | 21956101 | 87.15 |
| പശ്ചാത്തലം | 9397975 | 5206539 | 55.4 |


ഉല്പാദനം, പശ്ചാത്തലം മേഖലകളിൽ 60 ശതമാനത്തിനു താഴെയാണ് ചെലവ് വന്നിട്ടുള്ളത്. വകയിരുത്തിയ ഫണ്ടിന്റെ 40 ശതമാനത്തിനടുത്തുള്ള തുക പാഴായിപ്പോയി.

ശിപാർശകൾ

- ഫണ്ടുകൾ പൂർണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.


(d) വികസന ഫണ്ട് - മേഖലാ ചെലവുകൾ - നിലവാരം

ആകെ ചെലവുകളിൽ 71.29ശതമാനം ചെലവും സേവന മേഖലയിലാണ് നടത്തിയിട്ടുള്ളത്. കൃഷി, ജലസംരക്ഷണം, വ്യവസായം തുടങ്ങിയവ ഉൾപ്പെടുന്ന ഉല്പാദന മേഖലയിലെ ചെലവ് വെറും 11.8 ശതമാനം മാത്രമാണ്. ആസൂത്രണ മാർഗ്ഗരേഖ അനുസരിച്ച് വികസന ഫണ്ടിന്റെ കുറഞ്ഞത് 30 ശതമാനം തുക ഉല്പാദന മേഖലക്കായി വകയിരുത്തി ചെലവഴിക്കേണ്ടതാണ്. എന്നാൽ ഇവിടെ അതിന്റെ 1/3 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ 33 ശതമാനം വീതം ഉല്പാദന മേഖലയിലും പശ്ചാത്തല മേഖലയിലും ചെലവഴിക്കേണ്ടതാണെങ്കിലും യഥാക്രമം 11.8, 16.91 ശതമാനം മാത്രമാണ് ചെലവഴിച്ചത്.




(e) ക്യാപിറ്റൽ -റവന്യൂ ചെലവുകൾ


2016-17 മുതൽ റവന്യൂ ചെലവുകളിൽ ഓരോവർഷവും വർദ്ധന ഉണ്ടാകുന്നുണ്ട്. ക്യാപിറ്റൽ ചെലവുകൾക്ക് നേരിയ തോതിലുള്ള വർദ്ധന മാത്രമാണുള്ളത് .




<u>ശിപാർശകൾ</u>

- ആസ്തി സൃഷ്ടിക്കുന്ന പദ്ധതികൾ കൂടുതലായി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>(f) പഞ്ചായത്ത് ഫണ്ട് - വരുമാന കമ്മി</u>




2016-17 മുതൽ ഓരോ വർഷവും വരുമാന കമ്മിയിൽ വ്യതിയാനം ഉണ്ടാകുന്നുണ്ട്. 2017-18 വർഷത്തിൽ സർപ്ലസ് ഉണ്ടായെങ്കിലും 2018-19ൽ 50ലക്ഷത്തിൽ കൂടുതൽ വരുമാന കമ്മിയിലേക്ക നീങ്ങി. ഇതനുസരിച്ച പഞ്ചായത്ത് ഫണ്ടിലും സാരമായ കുറവ് വന്നു. വരവിനേക്കാൾ കൂടുതൽ ചെലവുകൾ ചെയ്യുന്നതിനാലാണ് ഇത്തരത്തിൽ സംഭവിക്കുന്നത്. പഞ്ചായത്ത് ഫണ്ട് കുറഞ്ഞു വരുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത ഇല്ലായ്മയാണ് സൂചിപ്പിക്കുന്നത്.

# 1-13 അധികാര വികേന്ദ്രീകരണം - നിയമം വഴി കൈമാറിയ ചുമതല പഞ്ചായത്ത് നിർവഹിക്കുന്നില്ല

പഞ്ചായത്ത്രാജ് നിയമം മൂന്നാം പട്ടികയിലെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലകളിൽ

പതിനേഴാമത്തെ മേഖലയാണ് പൊതുവിതരണ സമ്പ്രദായം. അത് പ്രകാരം പഞ്ചായത്തിന് താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതായുണ്ട്. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) 189/1995/ എൽ.എസ്.ജി, തീയതി 18.09.1995 പ്രകാരവും താഴെ പറയുന്ന ചുമതലകൾ സർക്കാർ പഞ്ചായത്തിനെ ഏല്പിച്ചിട്ടുണ്ട്.

- പൊതുവിതരണ സമ്പ്രദായത്തിനെതിരെ പരാതികൾ പരിശോധിക്കുന്നതിനും നിവാരണ മാർഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുക.
- അളവ് തൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരായുള്ള പ്രചാരണം സംഘടിപ്പിക്കുക.
- റേഷൻകടകൾ, മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എന്നിവയ്ക്ക് പൊതുവായ മേൽനോട്ടവും മാർഗനിർദേശവും.

എന്നാൽ പഞ്ചായത്ത് മേൽപ്പറഞ്ഞ മൂന്ന് വിഷയങ്ങളിലും യാതൊരുവിധ നടപടികളും സ്വീകരിക്കുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയിലോ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിലോ ഈ വിഷയത്തിൽ യാതൊരുവിധ ചർച്ചയും നടന്നിട്ടില്ല.

സിവിൽ സപ്ലൈസ് കമ്മീഷണറുടെ 25.10.2004 ലെ 4/2004 സർക്കുലർ പ്രകാരം റേഷൻ കടകളിൽ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുമ്പോൾ അലോട്ട്മെന്റ് കത്തിന്റെ പകർപ്പ് സെക്രട്ടറിക്ക് നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്.

ടാർഗെറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ കംട്രോൾ ഓർഡർ 2015, ഉപവാക്യം 7(4) പ്രകാരം റേഷനിംഗ് ഇൻസ്പെക്ടർ റേഷൻ കടകളിൽ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുമ്പോൾ അലോട്ട്മെന്റ് കത്തിന്റെ പകർപ്പ് സെക്രട്ടറിക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ അത്തരത്തിലുള്ള അലോട്ട്മെന്റ് ഉത്തരവുകൾ പഞ്ചായത്തിന് ലഭിക്കുന്നില്ല. പ്രസ്തുത ഉത്തരവ് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ശ്രമിക്കുന്നില്ല.

പൊതു വിതരണ സമ്പ്രദായങ്ങൾ ഗ്രാമപഞ്ചായത്ത് പരിപാലന ചുമതലയിൽ ഉള്ളതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഗ്രാമപഞ്ചായത്തിൽ ഇല്ലായെന്നും റേഷനിങ് ഇൻസ്പെക്ടറിൽ നിന്നുള്ള രേഖകൾ സൂക്ഷിചിട്ടില്ലായെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ : 15/18.08.2020 ന്റെ മറുപടി).

പ്രസ്തുത മറുപടി മേൽപ്പറഞ്ഞ ചുമതലകൾ പഞ്ചായത്ത് നിർവഹിക്കുന്നില്ല എന്നതിനെ സാധൂകരിക്കുന്നു.

<u>ശിപാർശകൾ</u>

- നിയമം വഴി കൈമാറിയ ചുമതലകൾ പഞ്ചായത്ത് നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി

# ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2018-19 വർഷം 21കരാറുകാർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട് (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 2(1)/18.08.2020 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി). പ്രസ്തുത കരാറുകാരിൽ നിന്ന് 2018-19 വർഷം തൊഴിൽ നികുതി ഈടാക്കിയില്ല. കരാറുകാരിൽ നിന്ന് 2018-19 വർഷത്തെ തൊഴിൽ നികുതി പലിശ സഹിതം ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 2(2)/18.08.2020). തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-15 റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994- ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 22.01.2018-ലെ (സി.എസ്.) എ9-764/2019 ഉത്തരവ് പ്രകാരം റേഷൻ വ്യാപാരികളെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരം ചുവടെ ചേർക്കുന്നു. (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 4/20.08.2020 ന്റെ മറുപടി).

| ക്രമ നമ്പർ | കെട്ടിട നമ്പർ | റേഷൻ കട ഉടമയുടെ പേര് വിവരം |
|---|---|---|
| 1 | XI/32 | സജീവ്.എസ്, പനവൂർ |
| 2 | X/4 | ഫാത്തിമ ബീവി, പനവൂർ |
| 3 | X/223 | സി.കവിത, വെള്ളാഞ്ചിറ |
| 4 | XII/368 | അജയകുമാർ, മൂന്നാനക്കുഴി |
| 5 | VII/11 | സജി.റ്റി.എസ്, നിരപ്പിൽ |
| 6 | IV | പ്രശാന്ത്.ഡി.എസ്, കോതകുളങ്ങര |

| | | |
|---|---|---|
| 7 | V/39 | പി.ശോഭ, വെങ്കിട്ടക്കാല |
| 8 | V | ഷാനി.പി.എസ്, ആട്ടുകാൽ |
| 9 | VII/426 | വരജൻ, ആട്ടുകാൽ |
| 10 | II | ഹരിപ്രിയ, പേരയം |
| 11 | XIV/244 | പ്രീതാ ഗോവിന്ദ്, ആറ്റിൻപുറം |

പ്രസ്തുത റേഷൻ വ്യാപാരികളിൽ നിന്ന് 2018-19 വർഷം തൊഴിൽ നികുതി ഈടാക്കിയില്ലായെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 4/20.08.2020ന്റെ മറുപടി). റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ, പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷം, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം – 6 എന്നിവ പ്രകാരം ഈടാക്കേണ്ട സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| റിലയൻസ് റീട്ടെയിൽ, പനവൂർ | II |
| മിൽക്ക് സൊസൈറ്റി, വെള്ളാഞ്ചിറ | I &II |
| എച്ച്.ഐ.ഓഡിറ്റോറിയം | I &II |

പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നും നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയരി നമ്പർ 25/20.08.2020ന്റെ മറുപടി). പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 തനത് ഫണ്ട് ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നമ്പർ : 20/18.08.2020

1. വൗച്ചർ നമ്പർ : 218000027 ചെക്ക് നമ്പർ : 186042തീയതി : 10.04.2018 തുക : 87626/-

തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഇനത്തിൽ മാർച്ച് മാസത്തെ തുകയായി 87626/-രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കുലർ നം : 65529/ഡി.സി.3/12/തസ്വഭവ തീയതി: 12.03.2013 പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല. കെഎസ്ഇബിയിൽ ഡെപ്പോസിറ്റ് ചെയ്യാൻ ഫണ്ട് ഇല്ലാത്തതിനാലാണ് പ്രസ്തുത പ്രവൃത്തി ചെയ്യാത്തതെന്ന് മറുപടി ലഭിച്ചു. സർക്കാർ ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് 2013ലാണ്. ആയതിനാൽ നാളിതുവരെയായി തുക കണ്ടെത്തിയില്ല എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. മീറ്ററിങ് സമ്പ്രദായം ഏർപ്പെടുത്തി ചാർജ് ഇനത്തിൽ വരുന്ന നഷ്ടം ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

2.വൗച്ചർ നമ്പർ : 218000050 ചെക്ക് നമ്പർ : 8755565 തീയതി : 12.04.2018 തുക : 28875/-

വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.വാട്ടർ അതോറിറ്റിയെ സമീപിച്ചെങ്കിലും സംയുക്ത പരിശോധന നടന്നില്ലായെന്നും അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി വിവരം അറിയിക്കേണ്ടതാണ് .

3. വൗച്ചർ നമ്പർ : 218000356 ചെക്ക് നമ്പർ : 826159 തീയതി : 02.08.2018 തുക : 2850/-

വൗച്ചർ നമ്പർ : 218000353 ചെക്ക് നമ്പർ : 8261577 തീയതി : 02.08.2018 തുക : 5000/-

വൗച്ചർ നമ്പർ : 218000301 ചെക്ക് നമ്പർ : 23119 തീയതി : 17.07.2018 തുക : 20000/-

ഐഎസ്ഒ സർട്ടിഫിക്കേഷൻ, ഓഫീസ് ഉദ്ഘാടനം എന്നിവയ്ക്കായി മന്ത്രി പങ്കെടുത്ത ഉദ്ഘാടന ചെലവുകൾക്കായി 27850/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം:3866/2015/ തസ്വഭവ തീയതി : 28.12.2015 പ്രകാരം മന്ത്രി പങ്കെടുക്കുന്ന ചടങ്ങിൽ പരമാവധി 25,000/-രൂപ വരെ ചെലവഴിക്കാവുന്നതാണ്. അധികമായി ചെലവഴിച്ച തുക ഉദ്ഘാടനത്തിനെത്തിയ വിശിഷ്ടാതിഥികൾക്ക് ലഘുഭക്ഷണത്തിന് ചെലവായതാണെന്നാണ് വിശദീകരണം. മേൽപ്പറഞ്ഞ ചെലവ് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

4. വൗച്ചർ നമ്പർ : 218000395 ചെക്ക് നമ്പർ : 826173 തീയതി : 21.08.2018 തുക : 3201/-

ദുരിതാശ്വാസവുമായി ബന്ധപ്പെട്ട ഉല്പന്നങ്ങൾ കൊണ്ടുപോയ വകയിൽ KL-01-AN-1035എന്ന വാഹനത്തിന് വാടകയായി ട്രിപ്പ് ഷീറ്റ് പ്രകാരം 3201/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം പ്രസ്തുത വാഹനം നോൺ ട്രാൻസ്പോർട്ട് വിഭാഗത്തിൽ ഉൾപ്പെടുന്നു.

ആയതിനാൽ ട്രിപ്പ് ഷീറ്റ് ലഭ്യമാക്കാൻ കഴിയില്ല. പഞ്ചായത്ത് പ്രദേശത്ത് നിന്നും കളക്ഷൻ സെന്ററിലേക്ക് ഉല്പന്നങ്ങൾ എത്തിക്കുന്നതിനാണ് വാടക നൽകിയതെന്ന് മറുപടി ലഭിച്ചു. എന്നാൽ നോൺ ട്രാൻസ്പോർട്ട് വാഹനത്തെ സംബന്ധിച്ച് മറുപടി ലഭിച്ചില്ല. ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ് .

5. വൗച്ചർ നമ്പർ : 218000198 ചെക്ക് നമ്പർ : 921709 തീയതി : 08.06.2018 തുക : 1,50,000/-

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് 1,50,000/-രൂപ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല. മെഡിക്കൽ ഓഫീസറിൽ നിന്നും ചെലവ് രേഖകൾ വാങ്ങി ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

6. വൗച്ചർ നമ്പർ : 218000231 ചെക്ക് നമ്പർ : 186118 തീയതി : 21.06.2018 തുക : 8370/-

ഊർജ്ജിത നികുതി പിരിവുമായി ബന്ധപ്പെട്ട് വീടുകളിൽ വസ്തുനികുതി ഡിമാൻഡ് നോട്ടീസ് 837 എണ്ണം വിതരണം ചെയ്ത വകയിൽ 10/-രൂപ നിരക്കിൽ തുക ചെലവഴിച്ചിട്ടുണ്ട്. സർക്കുലർ നം : 55247/ഐഎ 1/14/ തസ്വഭവ തീയതി: 06.02.2015 പ്രകാരം ഒരു നോട്ടീസിന് അഞ്ചു രൂപയാണ് പരമാവധി ചെലവഴിക്കാൻ കഴിയുന്നത്. രജിസ്റ്റേർഡ് തപാൽ മുഖേന നോട്ടീസ് നൽകുന്നതിന് അധികച്ചെലവ് ഉണ്ടാകുമെന്നതിനാലാണ് ഇപ്രകാരം തുക ചെലവഴിച്ചത് എന്ന് മറുപടി ലഭിച്ചു. സർക്കാർ നിർദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചത് സംബന്ധിച്ച് മറുപടിയിൽ സൂചിപ്പിച്ചിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ഇത്തരത്തിലുള്ള അധികചെലവുകൾ ഒഴിവാക്കേണ്ടതാണ്

7. വൗച്ചർ നമ്പർ : 218000124 ചെക്ക് നമ്പർ : 186080 തീയതി : 19.05.2018 തുക : 6000/-

സർക്കാരിന്റെ വാർഷികാഘോഷത്തിൽ പങ്കെടുക്കുന്നതിന് 18.05.2018ൽ ആൾക്കാരെ പങ്കെടുപ്പിക്കുന്നതിന് വാഹന വാടകയായി രണ്ട് കാറുകൾക്ക്, ഓരോ കാറിനും 3000 രൂപ നിരക്കിൽ 6000രൂപ നൽകിയിട്ടുണ്ട്. ഓരോ കാറും 90കിലോമീറ്റർ വീതം സഞ്ചരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി) നം : 38/2014/ട്രാൻ തീയതി: 19.05.2014 പ്രകാരം ഒരു കിലോമീറ്ററിന് 15 രൂപ നിരക്കിൽ 90 കിലോമീറ്റർ യാത്രയ്ക്ക് 1350രൂപയും വെയിറ്റിംഗ് ചാർജ് ഇനത്തിൽ മണിക്കൂറിന് 50രൂപ നിരക്കിൽ അഞ്ച് മണിക്കൂർ വെയിറ്റ് ചെയ്തതിനു 250 രൂപയുമുൾപ്പെടെ ഒരു കാറിന് പരമാവധി 1600രൂപയാണ് നൽകാൻ കഴിയുന്നത്. അപ്രകാരം രണ്ടു കാറുകളുടെയും വാടകയിനത്തിൽ ആകെ 3200/- രൂപയാണ് പരമാവധി ചെലവഴിക്കാൻ കഴിയുന്നത്. എന്നാൽ അധികമായി 2800/-രൂപ ചെലവഴിച്ചു .

സ.ഉ(സാധാ) 42/2011/ഇലക്ഷൻ തീയതി 21.03.2011-ാം നമ്പർ ഉത്തരവ് പ്രകാരമുള്ള നിരക്കിലാണ് തുക നൽകിയത് എന്ന് മറുപടി ലഭിച്ചു. മേൽപ്പറഞ്ഞ ഉത്തരവ് ഇലക്ഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യാത്രകൾക്ക് മാത്രമാണ് ബാധകമായിട്ടുള്ളത്. കൂടാതെ പ്രസ്തുത ഉത്തരവിന് ശേഷമാണ് ഗതാഗത വകുപ്പിന്റെ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 1-18 പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ വാങ്ങൽ - ടെൻഡർ നടപടികൾ ഇല്ലാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ഫർണിച്ചർ വാങ്ങി

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | 181/2019 |
| പേര് | | പഞ്ചായത്ത് ഓഫീസിൽ ഫർണിച്ചർ ലഭ്യമാക്കൽ |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് - പൊതു വിഭാഗം | 223000 | 223000 |
| തനത് ഫണ്ട് | 10000 | 5465 |
| ആകെ | 233000 | 228465 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | സെക്രട്ടറി |
| ബിൽ നമ്പർ 10/21.07.2018 തുക : 198465<br>18/19.11.2018 തുക : 24535<br>ചെക്ക് നമ്പർ : 826104/ 19.11.2018 തുക : 5465 | | |
| ഓഡിറ്റ് എൻക്വയറി നമ്പർ | | 13/18.08.2020 |

- ഐഎസ്ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതിപ്രകാരം താഴെപ്പറയുന്ന ഫർണിച്ചറുകൾ വാങ്ങേണ്ടിയിരുന്നു.
    - 

- ഓഫീസ് ടേബിൾ(60-36-30) - 4,
- ഓഫീസ് ടേബിൾ(40-24-30) - 5,
- കസേരകൾ - 12,
- വിസിറ്റിംഗ് ചെയർ - 9,
- ഓഫീസ് ചെയർ - 15,
- ടീപോയ് - 2,
- ഡൈനിങ്ങ് ടേബിൾ - 1,
- ഓഫീസ് ചെയർ (എക്സിക്യൂട്ടീവ് ) - 1

എന്നാൽ അതിനു വിരുദ്ധമായി ഉദ്ദേശിച്ചിരുന്നതിലും അധികമായി ഫർണിച്ചറുകൾ വാങ്ങി.

◦

- റിവോൾവിങ് ചെയർ - 5,
- പ്ലാസ്റ്റിക് ചെയർ -1,
- ഫൈബർ അലമാര - 1,
- ഓഫീസ് ടേബിൾ - 9,
- വിസിറ്റിംഗ് ചെയർ - 25,
- ടീപോയ് - 2,
- സെറ്റി സെറ്റ് - 3,
- ഡൈനിങ്ങ് ടേബിൾ - 1,
- ബെഞ്ച് - 2

വാങ്ങലുകൾ അടങ്കലിനുള്ളിൽ പരിമിതപ്പെടുത്തിയെങ്കിലും ഫർണിച്ചറുകൾ അടങ്കൽ തുകക്കുള്ളിൽ നിന്നുകൊണ്ട് അധികമായി വാങ്ങാൻ കഴിഞ്ഞത് അടങ്കൽ തുക കൃത്യമായി കണക്കാക്കാത്തതിനാലാണ്. ഓരോ ഫർണിച്ചറിനും ആവശ്യമായ തുക കണക്കാക്കിയത് യാഥാർഥ്യത്തിൽനിന്ന് വ്യത്യസ്തമായി അധികമായ നിരക്കിലാണ്.

- സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം:2638/2017/തസ്വഭവ തീയതി: 29.07.2017പ്രകാരം സിഡ്കോ ഉത്പാദിപ്പിക്കുന്ന ഫർണിച്ചറുകൾ ആണ് ടെൻഡർ നടപടികൾ ഇല്ലാതെ സിഡ്കോയിൽ നിന്ന് വാങ്ങാൻ കഴിയുന്നത്. ഇതിന് വിരുദ്ധമായി പ്ലാസ്റ്റിക് ചെയർ തുടങ്ങിയ സിഡ്കോ നിർമ്മിക്കാത്ത ഫർണിച്ചറുകൾ ടെൻഡർ നടപടികൾ ഇല്ലാതെ വാങ്ങി.

- സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം: 26/2015/എസ്.പി.ഡി തീയതി : 28.05.2015പ്രകാരം പ്രസ്തുത ഉത്തരവിൽ പറയുന്ന ഫർണിച്ചറുകൾ ഉത്തരവിൽ സൂചിപ്പിക്കുന്ന വിലയിലാണ് ടെൻഡർ നടപടികൾ ഇല്ലാതെ വാങ്ങാൻ കഴിയുന്നത്. എന്നാൽ ഇവിടെ വാങ്ങിയ എല്ലാ ഫർണിച്ചറുകളും പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ ആണ്. ഇപ്രകാരം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫർണിച്ചറുകൾ വാങ്ങി.

- മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ ഫർണിച്ചറുകൾ ഓരോന്നിന്റെയും നിരക്ക് വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ഉത്തരവിൽ നിന്നും വാങ്ങേണ്ട ഫർണിച്ചറുകളുടെ ആകെത്തുക പഞ്ചായത്തിന് മുൻകൂട്ടി അറിയാൻ കഴിയുന്നതാണ്. ആയതിനാൽ വാങ്ങേണ്ട ഫർണിച്ചർ തെരഞ്ഞെടുത്തു അവ വിതരണം ചെയ്യാൻ ആവശ്യപ്പെടാമായിരുന്നു. എന്നാൽ പഞ്ചായത്ത് ഫർണിച്ചറുകളുടെ പ്രൊഫോർമ ഇൻവോയ്സ് ആവശ്യപ്പെടുകയും അതനുസരിച്ച് സിഡ്കോ അവർക്കു താല്പര്യമുള്ള വില നിലവാരത്തിലുള്ള ഫർണിച്ചറുകളുടെ പ്രൊഫോർമ ഇൻവോയ്സ് നൽകുകയും അതനുസരിച്ച് ഫർണിച്ചർ വിതരണം ചെയ്യുകയും ചെയ്തു. ഉത്തരവിൽ നിന്നും ആവശ്യമായ ഫർണിച്ചറുകൾ പഞ്ചായത്ത് തെരെഞ്ഞെടുത്തു ആവശ്യപ്പെട്ടിരുന്നുവെങ്കിൽ ഇത്രയും തുക ചെലവഴിക്കേണ്ടി വരില്ലായിരുന്നു.

സമയ ബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഇപ്രകാരം വാങ്ങലുകൾ നടത്തിയതെന്ന് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കുന്നത് 31.05.2018ലാണ്. എന്നാൽ ഇൻവോയ്സ് ആവശ്യപ്പെട്ടിരിക്കുന്നത് 12.07.2018ലാണ്. കൂടാതെ പ്രസ്തുത പദ്ധതി സ്പിൽ ഓവർ ആയാണ് നടപ്പിലാക്കിയിരിക്കുന്നത്. ആയതിനാൽ മേല്പറഞ്ഞ മറുപടി അംഗീകരിക്കാൻ കഴിയില്ല.

ശിപാർശകൾ

- സിഡ്കോ നിർമ്മിച്ച ഫർണിച്ചറുകൾ മാത്രം ടെൻഡർ നടപടികൾ ഇല്ലാതെ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

- അടങ്കൽ തുക കൃത്യമായി കണക്കാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- സിഡ്കോയോട് ഇൻവോയ്സ് ആവശ്യപ്പെടാതെ ആവശ്യമായ ഫർണിച്ചറുകൾ ഉത്തരവ് പ്രകാരമുള്ള വില കണക്കാക്കി വിതരണം ചെയ്യാൻ ആവശ്യപ്പെടേണ്ടതാണ്.

# 1-19 ഐ എസ് ഒ സർട്ടിഫിക്കേഷൻ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | 122/2019 |
| പേര് | | ഐ എസ് ഒ സർട്ടിഫിക്കേഷൻ |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് - പൊതു വിഭാഗം | 4000 | ഇല്ല |
| തനത് ഫണ്ട് | 200000 | 198469 |
| ആകെ | 204000 | 198469 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | സെക്രട്ടറി |
| ചെക്ക് നമ്പർ : 186093 തീയതി : 01.06.2018 തുക : 50000<br>2334105തീയതി : 29.06.2018 തുക : 66969<br>2334017തീയതി : 29.06.2018 തുക : 81500 | | |
| ഓഡിറ്റ് എൻക്വയറി നമ്പർ | | 13/18.08.2020 |

പഞ്ചായത്തിന് ഐഎസ്ഒ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് വേണ്ടി പഞ്ചായത്തിനെ പ്രാപ്തമാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ബോർഡ് സ്ഥാപിക്കൽ, സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ എന്നിവയ്ക്ക് വേണ്ടിയാണ് തുക ചെലവഴിച്ചത്.

എ) പദ്ധതി നിർവ്വഹണ രേഖകളിൽ 24500/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബി) 57000/- രൂപ കൺസൾട്ടൻസി ഏജൻസിയുടെ ഫീസായാണ് നൽകിയിരിക്കുന്നത്. ആദായനികുതി നിയമം വകുപ്പ് 194 ജെ പ്രകാരം കൺസൾട്ടൻസി ചാർജ് ഇനത്തിൽ പ്രതിഫലം നൽകുമ്പോൾ 10% ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ് . അപ്രകാരം ആദായ നികുതി ഈടാക്കിയില്ല. ഈ ഇനത്തിൽ 5700/-രൂപയുടെ നഷ്ടമുണ്ടായി.

മേൽപ്പറഞ്ഞ വസ്തുതകൾ സെക്രട്ടറിയെ അറിയിച്ചതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചുവെന്നും ചെലവ് രേഖകൾ വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചു. പ്രസ്തുത മറുപടി രേഖകൾ

ലഭ്യമാക്കാതിരുന്നതിനെ സാധൂകരിക്കുന്നില്ല.

<u>ശിപാർശകൾ</u>

- 24500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
- സ്രോതസ്സിൽ നിന്നും നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-20 വൃദ്ധർക്ക് കട്ടിൽ - ഇ-വേ ബിൽ ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | 111/2019 |
| പേര് | | വയോജനങ്ങൾക്ക കട്ടിൽ ലഭ്യമാക്കൽ |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് - പൊതു വിഭാഗം | 600000 | 600000 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | സെക്രട്ടറി |
| ബിൽ നമ്പർ 35/11.03.2019 തുക : 600000 | | |
| ഓഡിറ്റ് എൻക്വയറി നമ്പർ | | 13/18.08.2020 |

വൃദ്ധർക്ക് കട്ടിൽ വാങ്ങുന്നതിന് ആണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതിപ്രകാരം വാങ്ങൽ നടത്തിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല.

എ) കട്ടിൽ വാങ്ങുന്നതിനായി ടെൻഡർ പരസ്യം നൽകിയപ്പോൾ കട്ടിലിനു ആവശ്യമായ സ്പെസിഫിക്കേഷൻ നൽകിയില്ല. ഇത് പർച്ചേസ് മാന്വൽ 2013-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

ബി) ഏറ്റവും കുറഞ്ഞ അഞ്ച് തുകകൾ ക്വാട്ട് ചെയ്ത അഞ്ച് കമ്പനികളെ സാമ്പിൾ പരിശോധനക്കായി ക്ഷണിക്കുകയും സാമ്പിൾ പരിശോധനക്കായി ഹാജരായ മൂന്ന് കമ്പനികളിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത മുണ്ടിക്കുന്നേൽ ഏജൻസി സമർപ്പിച്ച കട്ടിലിന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത കട്ടിലുകൾ മഹാഗണി തടിയിൽ നിർമ്മിച്ചതാണെന്ന് കമ്പനി അവകാശപ്പെട്ടുവെങ്കിലും പ്രൊക്യൂർമെന്റ്

കമ്മിറ്റി ഇത് പരിശോധിച്ചില്ല. പകരം ശങ്കരൻ എന്ന ഒരു സ്വകാര്യ വ്യക്തിയുടെ സർട്ടിഫിക്കറ്റ് ആണ് ആധാരമാക്കിയത്. ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെ കൊണ്ട് ഈ വിവരം പരിശോധിച്ചില്ല.

സി) ജി.എസ്.ടി. ചട്ടങ്ങൾ 2017 ചട്ടം 138 പ്രകാരം 50000/- രൂപയ്ക്ക് മുകളിലുള്ള സാധനസാമഗ്രികൾ വിതരണം ചെയ്യുമ്പോൾ നിർബന്ധമായും ഇ-വേ ബിൽ ജെനറേറ്റ് ചെയ്യേണ്ടതും ഒരു കോപ്പി ഉപഭോക്താവിന് നൽകേണ്ടതുമാണ്. 600000/-രൂപയ്ക്ക് കട്ടിൽ വാങ്ങിയെങ്കിലും മുണ്ടിക്കുന്നേൽ ഏജൻസി 80000/-രൂപയുടെ ഇ-വേ ബിൽ മാത്രമാണ് സെക്രട്ടറിക്ക് നൽകിയത്. ആയതിൽ നിന്നും പ്രസ്തുത കമ്പനി 520000/- രൂപയുടെ വില്പന വിവരങ്ങൾ സർക്കാരിൽനിന്ന് മറച്ചുവെക്കാനും അപ്രകാരം നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാകാനുള്ള സാധ്യത ഉണ്ടാവുകയും ചെയ്തു. നിയമപ്രകാരമുള്ള ഇ-വേ ബിൽ ആവശ്യപ്പെടേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. ആ ചുമതല നിറവേറ്റി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ശ്രമം സെക്രട്ടറിയുടെ ഭാഗത്തുനിന്ന് ഉണ്ടായില്ല.

ഗുണനിലവാര പരിശോധന നടത്തിയാണ് കട്ടിലുകൾ വാങ്ങിയതെന്ന് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ സംബന്ധിച്ച വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല. മഹാഗണി തടി ആണെന്ന് ഉറപ്പാക്കാൻ ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെ കൊണ്ട് പരിശോധിപ്പിച്ചെന്ന തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.

<u>ശിപാർശകൾ</u>

- വാങ്ങൽ നടത്തുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരം ഉള്ള നടപടിക്രമങ്ങൾ മുഴുവനും പാലിക്കേണ്ടതാണ്.
- ടെൻഡർ നോട്ടീസിൽ ആവശ്യമായ എല്ലാ സ്പെസിഫിക്കേഷനുകളും ഉൾപ്പെടുത്തേണ്ടതാണ്.
- 50000/-രൂപയ്ക്ക് മുകളിലുള്ള, 25 കിലോമീറ്ററിനു പുറത്തുനിന്നുള്ള, സർക്കാർ ഒഴിവാക്കിയ സാധനങ്ങൾ ഒഴികെയുള്ള വാങ്ങലുകൾ നടത്തുമ്പോൾ നിർബന്ധമായും ഇ-വേ ബിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

# 1-21 അഗതി രഹിത കേരളം - പദ്ധതി രേഖകൾ ഹാജരാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | 77/2019 |
| പേര് | | അഗതി രഹിത കേരളം |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് - പൊതു വിഭാഗം | 200000 | 200000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | സെക്രട്ടറി |

| | |
|---|---|
| ബിൽ നമ്പർ : 32/28.01.2019 തുക : 200000 | |
| ഓഡിറ്റ് എൻക്വയറി നമ്പർ | 13/18.08.2020 |

അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് വിഹിതം കുടുംബശ്രീക്ക് കൈമാറുന്നതിനാണ് ഈ പദ്ധതി തയ്യാറാക്കിയത്. പദ്ധതി പ്രകാരം 200000രൂപ കുടുംബശ്രീക്കു കൈമാറിയിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1. ഗ്രാമസഭ അംഗീകരിച്ച കരട് ഗുണഭോക്തൃ പട്ടിക
2. പഞ്ചായത്ത് അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടിക
3. പഞ്ചായത്ത് അംഗീകരിച്ച പദ്ധതിരേഖ
4. സർക്കാർ അംഗീകരിച്ച പദ്ധതി രേഖ
5. ഇതര സ്രോതസ്സിൽ നിന്നും ഫണ്ട് വകയിരുത്തിയിട്ടുണ്ട് എങ്കിൽ അതിന്റെ സമ്മതപത്രം
6. വിനിയോഗ സാക്ഷ്യപത്രം

   സർക്കാർ ഉത്തരവ് സ.ഉ.(എം.എസ്) നം : 252/2017/തസ്വഭവ തീയതി: 12.12.2017പ്രകാരം പദ്ധതി അടങ്കലിന്റെ 35 ശതമാനം മാത്രമാണ് ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടത്. എന്നാൽ അടങ്കൽ തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.

മേൽപ്പറഞ്ഞ വസ്തുതകൾ സെക്രട്ടറിയെ അറിയിച്ചു. ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു. ഫണ്ട് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.

<u>ശിപാർശകൾ</u>

- മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കേണ്ടതാണ്.

# 1-22 വീഡിയോ ഡോക്യുമെന്ററി - രേഖകൾ ഹാജരാക്കിയില്ല-37,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | 183/2019 |
| പേര് | | പദ്ധതി പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ |
| ഫണ്ട് | അടങ്കൽ | ചെലവ് |
| തനത് ഫണ്ട് | 100000 | 37000 |
| | | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെക്ക് നമ്പർ : 826211/17.09.2018 തുക : 37000 | |
| ഓഡിറ്റ് എൻക്വയറി നമ്പർ | 13/18.08.2020 |

പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ഷൂട്ട് ചെയ്ത ഡോക്യുമെന്ററി/ ആൽബം തയ്യാറാക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. വിവിധപദ്ധതികൾ ആരംഭം മുതൽ അവസാനം വരെ വീഡിയോ ഷൂട്ട് ചെയ്ത ഡോക്യുമെന്ററി നിർമ്മിച്ച് ഫോട്ടോ എടുത്ത് ആൽബം തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും 97000/-രൂപയ്ക്ക് രൂപം ഡിജിറ്റൽ സ്റ്റുഡിയോ എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ അനുവദിക്കുകയും ചെയ്തു. പ്രസ്തുത വർഷം 10 പദ്ധതികളുടെ ഡോക്യുമെന്ററി തയ്യാറാക്കിയതായി കാണിച്ച് രൂപം ഡിജിറ്റൽ സ്റ്റുഡിയോ എന്ന സ്ഥാപനത്തിന് 37,000/-രൂപ പ്രതിഫലം നൽകി. എന്നാൽ വീഡിയോയുടെ പെൻ ഡ്രൈവ്, സിഡി, ആൽബം എന്നിങ്ങനെയുള്ള രേഖകൾ ഹാജരാക്കിയില്ല. 37000/-രൂപ മൂല്യത്തിനുള്ള പ്രവൃത്തി നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

വിശദീകരണം ആവശ്യപ്പെട്ടതിന് രേഖകൾ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭിച്ചു .

<u>ശിപാർശകൾ</u>

- രേഖകൾ ഹാജരാക്കുന്നതുവരെ 37000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-23 പദ്ധതി രൂപീകരണ ചെലവുകൾ - പരിധിക്കു മുകളിൽ ചെലവ് നടത്തി

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | | 1/2019 |
| പേര് | | പദ്ധതി രൂപീകരണ മോണിറ്ററിങ് ചെലവുകൾ |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് - പൊതു വിഭാഗം | 450000 | 449869 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | സെക്രട്ടറി |
| ബിൽ നമ്പർ : 21/05.12.2018 തുക : 281408<br>19/19.11.2018തുക : 23000<br>28/31.12.2018തുക : 57011<br>30/28.01.2019തുക : 7000<br>33/15.02.2019തുക : 6500 | | |

| | |
|---|---|
| 37/13.03.2019തുക : 74950 | |
| ഓഡിറ്റ് എൻക്വയറി നമ്പർ | 26/20.08.2020 |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം പദ്ധതി രൂപീകരണത്തിനും നിർവഹണത്തിനും മോണിറ്ററിംഗിനുമായി ഒരു പ്രത്യേക പദ്ധതി രൂപീകരിക്കാവുന്നതും ചെലവുകൾ നടത്താവുന്നതുമാണ്. ഇതിനായുള്ള ചെലവു രേഖകൾ പദ്ധതി രൂപീകരണം, നിർവഹണ/ മോണിറ്ററിംഗ് എന്നിങ്ങനെ വേർതിരിച്ച് സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

പദ്ധതി ചെലവ് രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിനായി താഴെ പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | ഗ്രാമ സഭ - കസേര | 23000 |
| 2 | ബാനർ | 630 |
| 3 | വർകിംഗ് ഗ്രൂപ്പ് ഭക്ഷണം | 3500 |
| 4 | വർക്കിംഗ് ഗ്രൂപ്പ് ഭക്ഷണം | 11280 |
| 5 | വികസന സെമിനാർ ഭക്ഷണം | 31000 |
| 6 | സ്റ്റേഷനറി, അന്തിമ പദ്ധതി രേഖ | 80973 |
| 7 | വികസന സെമിനാർ ഫോട്ടോ | 1020 |
| 8 | വികസന സെമിനാർ പബ്ലിസിറ്റി ഗ്രാമ സഭ നോട്ടീസ് | 7500 |
| 9 | വർക്കിംഗ് ഗ്രൂപ്പ് , വികസന സെമിനാർ വാടക ഹാൾ | 12000 |
| 10 | ഗ്രാമസഭ ഫ്ളക്സ് , നോട്ടീസ് | 9560 |
| 11 | ഗുണഭോക്തൃ ഗ്രാമസഭ മൈക്ക് | 22500 |
| 12 | ,, ഫോട്ടോകോപ്പി | 6150 |
| 13 | സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റിങ് | 12500 |
| 14 | വികസന സെമിനാർ ഫുഡ് | 26060 |
| 15 | ,, കസേര | 7000 |
| 16 | ,, മൈക്ക് | 6500 |
| 17 | കരട് പദ്ധതി രേഖ | 74950 |
| | ആകെ | 336123 |

ആസൂത്രണ മാർഗ്ഗരേഖ പ്രകാരം പദ്ധതി രൂപീകരണത്തിനായി ഗ്രാമപഞ്ചായത്തിന് മൂന്നുലക്ഷം രൂപ മാത്രമാണ് പരമാവധി ചെലവഴിക്കാൻ കഴിയുന്നത്. ഇതിനെ ലംഘിച്ചുകൊണ്ട് 36123/-രൂപ അധികമായി ചെലവഴിച്ചു.

പദ്ധതി രൂപീകരണ/മോണിറ്ററിംഗ് ചെലവുകൾ ഒരു ഫയലിൽ ആണ് സൂക്ഷിച്ചിരിക്കുന്നതെന്നും വരും വർഷങ്ങളിൽ രണ്ട് വ്യത്യസ്ത ഫയലുകളായി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭിച്ചു. അധിക തുക ചെലവഴിച്ചത് സംബന്ധിച്ച് യാതൊരു വിശദാംശങ്ങളും മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>ശിപാർശകൾ</u>

1. മാർഗരേഖ പ്രകാരം പദ്ധതി ചെലവുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.
2. പദ്ധതി രൂപീകരണ തെലവുകൾ പരിധിക്കുള്ളിൽ പരിമിതപ്പെടുത്തേണ്ടതാണ്.

# 1-24 സ്പോർട്സ് കിറ്റ് വിതരണം- രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല

<table>
<tr><td colspan="2">പ്രോജക്റ്റ് നമ്പർ</td><td>110/2019</td></tr>
<tr><td colspan="2">പേര്</td><td>തദ്ദേശ സ്വയംഭരണ തല കായിക വികസനം</td></tr>
<tr><td>ഫണ്ട്</td><td>അടങ്കൽ</td><td>ചെലവ്</td></tr>
<tr><td>വികസന ഫണ്ട് - പൊതു വിഭാഗം</td><td>2,20,000</td><td>2,05,110</td></tr>
<tr><td colspan="2">നിർവ്വഹണ ഉദ്യോഗസ്ഥർ</td><td>സെക്രട്ടറി</td></tr>
<tr><td colspan="3">ബിൽ നമ്പർ : 17/19.11.2018 തുക : 54070<br>38/13.03.2019 തുക : 151040</td></tr>
<tr><td colspan="2">ഓഡിറ്റ് എൻക്വയറി നമ്പർ</td><td>13/18.08.2020,<br>31/26.08.2020</td></tr>
</table>

പഞ്ചായത്ത് പരിധിയിലെ യുവജന ക്ലബ്ബുകൾ തമ്മിൽ മത്സരം നടത്തി പഞ്ചായത്ത് തല ടീം രൂപീകരിക്കുന്നതിനും രജിസ്റ്റേർഡ് യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയത്. ഗെയിം ഫെസ്റ്റിവൽ ചെലവിനത്തിൽ 54,070/-രൂപയും ജേഴ്സി വാങ്ങുന്നതിന് 21,600/-രൂപയും സ്പോർട്സ് കിറ്റ് വിതരണത്തിനായി 1,29,440/-രൂപയും ചെലവഴിച്ചു.

എ) ഗെയിം ഫെസ്റ്റിവലിൽ നാല് ഗെയിമുകൾക്കാണ് തുക ചെലവഴിച്ചത്. എന്നാൽ ഗെയിം ഫെസ്റ്റിവലിൽ പങ്കെടുത്ത യുവജന ക്ലബ്ബുകളുടെ പേരുവിവരങ്ങൾ, സെലക്ഷൻ കമ്മിറ്റി അംഗങ്ങളുടെ പേര് വിവരങ്ങൾ

എന്നിവ ലഭ്യമാക്കിയില്ല.

ബി) സ്പോർട്സ് കിറ്റ് ലഭിക്കുന്നതിനായി യുവജന ക്ലബ്ബുകൾ നൽകിയ അപേക്ഷ, യുവജന ക്ലബ്ബുകൾ ആവശ്യപ്പെട്ട സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ്, എന്നിവ ഹാജരാക്കിയില്ല.

സി) 23 യുവജന ക്ലബ്ബുകൾക്കാണ് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തത്. എന്നാൽ പ്രസ്തുത യുവജന ക്ലബ്ബുകളുടെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല.

ഡി) താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നൽകിയിരിക്കുന്ന സ്പോർട്സ് ഉപകരണങ്ങളാണ് യുവജന ക്ലബ്ബുകൾക്ക് വിതരണം ചെയ്തിരിക്കുന്നത്.

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018, ഭേദഗതി ഉത്തരവ് സ.ഉ.(സാധാ) നം. 811/2018/തസ്വഭവ തീയതി 26.03.2018 ] പ്രകാരം ഒരു ക്ലബ്ബിനു സ്പോർട്സ് കിറ്റ് ഇനത്തിൽ പരമാവധി 5000/-രൂപ വരെ ചെലവഴിക്കാവുന്നതാണ്. എന്നാൽ ഈ പരിധി ലംഘിച്ച് ഉയർന്ന തുകക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു. ഇപ്രകാരം മാർഗരേഖ ലംഘിച്ച് ചെലവഴിച്ചത് വഴി 25,390/-രൂപയുടെ അധിക ചെലവ് ഉണ്ടായി.

<u>വിതരണം ചെയ്ത സാധനങ്ങളുടെ യൂണിറ്റ് നിരക്ക്</u>

ക്രിക്കറ്റ് ബാറ്റ് -1050/-, ഫുട് ബോൾ - 800/-, വോളി ബോൾ - 600/-, ചെസ്സ് ബോർഡ് - 300/-, വോളി ബോൾ നെറ്റ് - 900/-, കാരംസ് - 1400/-, ബൂട്ട് - 550/-, ഷട്ടിൽ നെറ്റ് - 700/-, ഷട്ടിൽ ബാറ്റ് - 490/-, ഷട്ടിൽ കോക് -700/-

| ക്രമ നമ്പർ | ക്ലബ്ബിന്റെ പേര് | വിതരണം ചെയ്ത സാധനങ്ങൾ | വിതരണം ചെയ്ത സാധനങ്ങളുടെ ആകെ വില | അധികമായി ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | യുവഭാവന കരിഞ്ച | ക്രിക്കറ്റ് ബാറ്റ് - 1, ഫുട് ബോൾ - 1, വോളി ബോൾ - 2, കാരംസ് - 1 | 4450 | - |
| 2 | നേതാജി എസ്എൻ പുരം | ക്രിക്കറ്റ് ബാറ്റ് - 2, ഫുട് ബോൾ - 1, വോളി ബോൾ - 2, ചെസ്സ് ബോർഡ് - 1, കാരംസ് - 1, ഷട്ടിൽ ബാറ്റ് - 2 | 6780 | 1780 |
| 3 | പിപിഎസി പാണയം | ക്രിക്കറ്റ് ബാറ്റ് - 1, ഫുട് ബോൾ - 1, വോളി ബോൾ - 2, കാരംസ് - 1 | 4450 | - |
| 4 | റോയൽ | ക്രിക്കറ്റ് ബാറ്റ് - 2, വോളി | 4200 | - |

| | | | | |
|---|---|---|---|---|
| | ആറ്റിൻപുറം | ബോൾ - 2, വോളി ബോൾ നെറ്റ് - 1 | | |
| 5 | നവകേരള ചപ്പാത്ത് | ക്രിക്കറ്റ് ബാറ്റ് -1, ഫുട് ബോൾ -1, വോളി ബോൾ -1, ചെസ്സ് ബോർഡ് -1, കാരംസ് - 1 | 4150 | - |
| 6 | റോയൽ സ്റ്റാർ കൊങ്ങണംകോട് | ക്രിക്കറ്റ് ബാറ്റ് -2, ഫുട് ബോൾ - 1, വോളി ബോൾ - 2 | 4100 | - |
| 7 | ഷിറാസ് മെമ്മോറിയൽ , പാമ്പാടി | ക്രിക്കറ്റ് ബാറ്റ് - 1, ഫുട് ബോൾ - 1, വോളി ബോൾ - 2, കാരംസ് - 1 | 4450 | - |
| 8 | യുവ ബ്രദേഴ്സ് , എരുമല | ക്രിക്കറ്റ് ബാറ്റ് - 2, ഫുട് ബോൾ - 1, വോളി ബോൾ - 1, കാരംസ് - 1 | 4900 | - |
| 9 | വിവേകാനന്ദ കല്ലിയോട് | ക്രിക്കറ്റ് ബാറ്റ് - 2, ഫുട് ബോൾ - 1, വോളി ബോൾ - 2 | 4100 | - |
| 10 | കുന്നിൽ ബ്രദേഴ്സ് , പാണയം | ക്രിക്കറ്റ് ബാറ്റ് - 1, ഫുട് ബോൾ - 1, വോളി ബോൾ - 2, ചെസ്സ് ബോർഡ് - 1, കാരംസ് - 1 | 4750 | - |
| 11 | ശ്രീ ഭഗവതി , കൊട്ടവരമ്പ | ക്രിക്കറ്റ് ബാറ്റ് - 1, ഫുട് ബോൾ - 1, കാരംസ് - 1, ഷട്ടിൽ ബാറ്റ് - 2, ഷട്ടിൽ കോക് - 2 | 5630 | 630 |
| 12 | സുൽത്താൻ വാരിയേഴ്സ് , പനവൂർ | ക്രിക്കറ്റ് ബാറ്റ് - 2, ഫുട് ബോൾ - 1, വോളി ബോൾ - 2 | 4100 | - |
| 13 | ചൈതന്യ , നെടുമ്പ | ക്രിക്കറ്റ് ബാറ്റ് - 2, ഫുട് ബോൾ - 1, വോളി ബോൾ - 2, കാരംസ് - 1 | 5500 | 500 |
| 14 | നവചേതന , കോതകുളങ്ങര | ക്രിക്കറ്റ് ബാറ്റ് - 1, ഫുട് ബോൾ - 1, കാരംസ് - 1 | 3250 | - |
| 15 | യുവധാര, കൊന്നമൂട് | ക്രിക്കറ്റ് ബാറ്റ് - 2, ഫുട് ബോൾ - 1, വോളി ബോൾ - 2, ചെസ്സ് ബോർഡ് - 1, കാരംസ് - 1 | 5800 | 800 |
| 16 | ഗോൾഡൻ ഈഗ്ൾസ് , ആട്ടുകാൽ | ക്രിക്കറ്റ് ബാറ്റ് - 2, ഫുട് ബോൾ - 1 | 2900 | - |
| 17 | മഹാത്മാ, മാമൂട് | ക്രിക്കറ്റ് ബാറ്റ് - 1, ഫുട് | 5630 | 630 |

| | | | | |
|---|---|---|---|---|
| | | ബോൾ - 1, കാരംസ് - 1, ഷട്ടിൽ ബാറ്റ് - 2, ഷട്ടിൽ കോക് -2 | | |
| 18 | ആർ എസ് എൻ കരിക്കുഴി | ക്രിക്കറ്റ് ബാറ്റ് - 1, ഫുട് ബോൾ - 1, വോളി ബോൾ - 4 | 4250 | - |
| 19 | നന്മ പേരയം | ക്രിക്കറ്റ് ബാറ്റ് - 2, ഫുട് ബോൾ - 1, വോളി ബോൾ - 3, കാരംസ് - 1 | 6100 | 1100 |
| 20 | നവഭാവന ആട്ടുകാൽ | വോളി ബോൾ - 3, ചെസ്സ് ബോർഡ് - 1, കാരംസ് - 1, ഷട്ടിൽ കോക് - 10 | 10500 | 5500 |
| 21 | സാന്റോസ് ആട്ടുകാൽ | ഫുട് ബോൾ - 3, ബൂട്ട് - 10, ഷട്ടിൽ നെറ്റ് - 1 | 8600 | 3600 |
| 22 | ബ്രദേഴ്സ് വെള്ളാംചിറ | ഫുട് ബോൾ - 3, വോളി ബോൾ - 1, കാരംസ് - 1, ബൂട്ട് - 7, ഷട്ടിൽ കോക് - 8 | 13850 | 8850 |
| 23 | സ്റ്റോക്കേർസ് ആട്ടുകാൽ | ഷട്ടിൽ കോക് - 10 | 7000 | 2000 |
| | ആകെ | | 129440 | 25390 |

യൂത്ത് കോഡിനേറ്റർ തൻസീറിന്റെ നേതൃത്വത്തിലാണ് ചെലവുകൾ നടത്തിയതെന്നും 5000/-രൂപ വരെയുള്ള ഉപകരണങ്ങൾ മാത്രമാണ് വിതരണം ചെയ്തതെന്നുമാണ് വിശദീകരണം.

ആകെ 23 ക്ലബ്ബുകൾക്കാണ് കിറ്റുകൾ വിതരണം ചെയ്തത്. ഓരോ ക്ലബ്ബിനും നൽകാവുന്ന തുകയായ 5000/-രൂപ വെച്ച് വിതരണം ചെയ്താൽ പോലും പരമാവധി 1,15,000/-രൂപ മാത്രമേ ചെലവഴിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഈ ഇനത്തിൽ 1,29,440/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ മേല്പറഞ്ഞ മറുപടി അംഗീകരിക്കുന്നില്ല. രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളുടെ വിഷയത്തിൽ മറുപടി ലഭിച്ചില്ല.

<u>ശിപാർശകൾ</u>

- രജിസ്ട്രേഷൻ വിവരങ്ങൾ ഹാജരാക്കുന്നത് വരെ 1,29,440/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്
- സബ്സിഡി മാർഗ്ഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 പേരയം UPS കെട്ടിട നവീകരണം - ചെലവു

# തുക 63475/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 192/19 |
| അടങ്കൽ തുക | 3,30,867 |
| ചെലവ് തുക | 3,14,236 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| കൺവീനർ | ശ്രീമതി.ഗോപകുമാരി |
| ബിൽ നമ്പർ | 50/18.03.2019 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ഹാജരാക്കിയ ബില്ലുകളിലോ, മിനിട്സ് ബുക്കിലോ, മസ്റ്റർറോളിലോ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)13.11.2014-ലെ സർക്കുലർ നമ്പർ 1/1559/2010/സി.ഇ/തസ്വഭവ പ്രകാരം ഗുണഭോക്തൃ സമിതിയ്ക്ക് പണം നൽകുന്നത് അവയുള്ള യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും. എന്നാൽ ഹാജരാക്കിയ ബില്ലുകളുടെ തുകയും മസ്റ്റർറോളിന്റെ തുകയും ചേർന്ന തുക 250761/- രൂപയാണ്. കൈമാറിയ തുക 314236/- ആണ്. ഇത് ക്രമപ്രകാരമല്ല.

3)ഹാജരാക്കിയ ബില്ലുകളിലെ ഇലക്ട്രോണിക് ബില്ലുകളിൽ തിരുത്തലുകൾ (പേന കൊണ്ട്) വരുത്തിയിട്ടുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4)29.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ-യിലെ ഖണ്ഡിക 11.2.3 (ബി) പ്രകാരം സ്വന്തം നിലക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ സാമ്പത്തിക, സാങ്കേതിക, സംഘടനാശേഷിയും സന്നദ്ധതയുമുള്ള അധ്യാപക – രക്ഷകർതൃ സമിതിയെ നിർവ്വഹണ ചുമതല ഏൽപിക്കാവുന്നതാണ്. എന്നാൽ ഇവിടെ പ്രവൃത്തി ഏറ്റെടുത്ത ഗുണഭോക്തൃ സമിതിയുടെ സാമ്പത്തികശേഷി വിലയിരുത്തിയിട്ടില്ല. (PTA-യുടെ ബാങ്ക് അക്കൗണ്ട് ഈ പ്രവൃത്തിയുടെ ബിൽ ലഭിക്കുവാൻ വേണ്ടി മാത്രം ആരംഭിച്ചതാണ്). തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ സമിതിയിൽ സാങ്കേതിക പരിജ്ഞാനമുള്ളതായി മിനിട്സിൽ രേഖപ്പെടുത്തലുകളില്ല. സാമ്പത്തിക സാങ്കേതിക മികവ് ഇല്ലാത്ത ഗുണഭോക്തൃ സമിതിയാണ് നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

5)അധ്യയന വർഷത്തിന്റെ ഇടയിൽ പ്രവൃത്തി ആരംഭിച്ചതും പൂർത്തീകരണ കാലയളവ് ആറ് മാസമായി നിർണയിച്ച് നൽകിയതും അധ്യയന വർഷത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്.

വിശദീകരണമാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/20.08.2020) മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകളിൽ ക്രമ നമ്പർ (2) പ്രകാരം ചെലവഴിച്ച തുകയിൽ ബില്ലുകൾ ഹാജരാക്കാത്ത 63475/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർണ്ണമായ ചെലവുതുകയ്ക്കുള്ള എല്ലാ ബില്ലുകളും ഒരുമിച്ച് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 1-26 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഹാജരാക്കിയില്ല - ചെലവു തുക 46,37,468 /- രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|---|---|
| 1 | 68/19 | മൊട്ടക്കാവ് മുളമൂട് റോഡ് സൈഡ് കോൺക്രീറ്റ് | 904517 | 7/11.05.18 |
| 2 | 140/19 | പനവൂർ ഗ്രാമപഞ്ചായത്തോഫീസ് ലാട്രിൻ നവീകരണം | 94682 | 6/11.05.18 |
| 3 | 142/19 | കൊന്നമൂട് ഫാമിലിവെൽഫെയർ സബ്സെന്റർ റോഡ് റീടാറിംഗ് | 1131850 | 8/11.05.18 |
| 4 | 143/19 | ആർ.എസ്.പുരം മുള്ളറാംകോട് സംരക്ഷണ ഭിത്തി | 371226 | 12/08.06.18 |
| 5 | 144/19 | ഊളൻവിള തടം സംരക്ഷണഭിത്തിയും കോൺക്രീറ്റും | 274667 | 10/08.06.18 |
| 6 | 150/19 | വട്ടറത്തല പാലം പുനരുദ്ധാരണം | 283457 | 16/12.06.18 |
| 7 | 160/19 | മീന്നിലം അങ്കണവാടി ലാട്രിൻ നിർമ്മാണം | 47196 | 36/30.11.18 |
| 8 | 166/19 | പഞ്ചായത്തോഫീസ് ഐ.എസ്.ഒ. സർട്ടിഫിക്കേഷന് കെട്ടിടം ഇലക്ട്രിഫിക്കേഷൻ രണ്ടാംഘട്ടം | 391899 | 38/30.11.18 |
| 9 | 167/19 | പഞ്ചായത്തോഫീസ് ഐ.എസ്.ഒ. സർട്ടിഫിക്കേഷന് ഓഫീസ് പഴയ കെട്ടിടം നവീകരണം | 448920 | 33/31.10.18 |
| 10 | 169/19 | വഞ്ചുവം പാലക്കുഴി റോഡ് റീടാറിംഗ് | 399901 | 3/11.05.18 |

| | | | | |
|---|---|---|---|---|
| 11 | 172/19 | വട്ടയം കരിഞ്ച തടം സംരക്ഷണഭിത്തി | 99417 | 41/29.01.19 |
| 12 | 173/19 | അംബേദ്കർ ഗ്രാമം റോഡ് നവീകരണം | 159736 | 25/13.09.18 |
| 13 | 175/19 | സാംസ്കാരിക നിലയം എൻ.ആർ.ഇ.എസ്.ഓഫീസുകളിൽ നെറ്റ് വർക്കിംഗ് | 30000 | 29/30.10.18 |
| | | ആകെ | 4637468 | |

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/20.08.2020) മറുപടി ലഭ്യമാക്കിയില്ല. 1997ലെ കേരള പഞ്ചായത്ത്രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം ഫയലുകൾ ലഭ്യമാക്കേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. പ്രസ്തുത പ്രവൃത്തി ഫയലുകളുടെ അഭാവത്തിൽ ചെലവിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല. ആയതിനാൽ 46,37,468/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകളുൾപ്പെടുന്ന ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-27 പഞ്ചായത്തിന്റെ പശ്ചാത്തല സൗകര്യ വികസനം - വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ പൂർണമായും നടപ്പിലാകുന്നില്ല

പ്രാദേശിക പശ്ചാത്തല വികസന പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണം വലിയൊരളവുവരെ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. മൊത്തം പദ്ധതി വിഹിതത്തിന്റെ നല്ലൊരു പങ്ക് മരാമത്ത് പണികൾ ഉൾപ്പെട്ട വികസന പ്രവർത്തനങ്ങൾക്കാണ് മാറ്റിവക്കുന്നത്. ഓരോ വികസന മേഖലയിലേയും പശ്ചാത്തല സൗകര്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും എഞ്ചിനീയറിംഗ് വിഭാഗം പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 45 പുതിയ പദ്ധതികളും 37 സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടെ 92 പദ്ധതികൾ വിഭാവനം ചെയ്തിരുന്നുവെങ്കിലും 48 പദ്ധതികളാണ് നടപ്പിലാക്കിയത്. സ്പിൽ ഓവർ പദ്ധതികളിൽ 8 എണ്ണം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. വിഭാവനം ചെയ്ത പ്രവൃത്തികൾക്കായി 42895342/- രൂപ അടങ്കൽ തുകയായി മാറ്റിവച്ചിരുന്നുവെങ്കിലും പദ്ധതി വിഹിതത്തിന്റെ 44% തുക മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഇത്തരം വീഴ്ചകൾ ഓരോ വികസന മേഖലയേയും ബാധിക്കുമെന്നത് തിരിച്ചറിഞ്ഞും എഞ്ചിനീയറിംഗ് വിഭാഗത്തിലെ കുറവുകൾ വിലയിരുത്തിയും പരിഹാരം കണ്ടെത്തുവാൻ ഭരണസമിതി ശ്രമിക്കേണ്ടതാണ്.

# 1-28 ഹരിത ഭവനം - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം

| | | | |
|---|---|---|---|
| പ്രോജക്റ്റ് നമ്പർ | | S0032/19 | |
| നിർവ്വഹണം | | കൃഷി ഓഫീസർ | |
| അടങ്കൽ | | വകയിരുത്തൽ | ചെലവ് |
| | വികസന ഫണ്ട് | 420000 | 420000 |
| | ജില്ല പഞ്ചായത്ത് വിഹിതം | 420000 | 420000 |
| | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 478200 | 478200 |
| | ആകെ | 1318200 | 1318200 |

| ചെലവ് വിശദാംശം | |
|---|---|
| വികസന ഫണ്ട് | |
| ബിൽ നമ്പർ | തുക |
| 06/26.11.2018 | 21375 |
| 08/19.12.2018 | 20188 |
| 10/19.12.2018 | 25813 |
| 11/26.12.2018 | 144000 |
| 16/26.12.2018 | 14000 |
| 17/29.01.2019 | 17813 |
| 18/29.01.2019 | 23100 |
| 19/29.01.2019 | 36000 |
| 20/26.02.2019 | 11875 |
| 21/27.02.2019 | 31336 |
| 22/21.02.2019 | 7000 |
| 23/06.03.2019 | 67500 |
| ആകെ | 420000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | |
| ചെക്ക് നമ്പർ | തുക |
| 2786871/29.12.2018 | 67376 |
| 2786879/23.03.2019 | 352624 |
| ആകെ | 420000 |

വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹാർദ്ദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലവിഭവ സംരക്ഷണം, മാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം, ഭക്ഷ്യ സുരക്ഷ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് വീടുകൾ ഹരിത ഭവനമാക്കുന്നതിന് വിഭാവനം ചെയ്ത പ്രോജക്ട്. 25സെന്റിന് മേൽ കൃഷിഭൂമിയുള്ള 60 ചെറുകിട നാമമാത്ര കർഷകർക്ക് പച്ചക്കറിതൈ, ജൈവവളം, തേനീച്ചയും കൂടും, മാലിന്യസംസ്കരണ പ്ലാന്റ്, കിണർ റീചാർജിംഗ്, കോഴിയും കൂടും എന്നിവക്കായി 14000/- രൂപ വീതം സബ്സിഡി നൽകുന്നു.

മാലിന്യ സംസ്കരണ യൂണിറ്റ്, ജൈവവളം എന്നിവയ്ക്കായി കാർഷിക കർമ്മസേനയ്ക്കും കിണർ റീചാർജിംഗിനായി മാതാ സാനിട്ടറി എഞ്ചിനീയറിംഗ് വർക്ക് എന്ന സ്ഥാപനത്തിനും നടീൽ വസ്തുക്കൾക്കായി KAICO തേനീച്ചയ്ക്കും കൂടിനുമായി റോയൽ ബീ കീപ്പിംഗ് നഴ്സറിക്കും കോഴിയും കൂടിനുമായി സമൃദ്ധി ഹെൻ & ഹൈടെക് കേജസ് എന്ന സ്ഥാപനത്തിനുമാണ് തുക കൈമാറിയിട്ടുള്ളത്.

ജി.ഒ.(എം.എസ്) 22/2018 ത.സ്വഭ.വ. തീയതി 14.02.2018 -ാം നമ്പർ സബ്സിഡി മാർഗരേഖയും ജി.ഒ.(പി) 220/97/ത.ഭ.വ. തീയതി 02.10.97, ജി.ഒ.(പി) 181/98 ത.സ്വ.ഭ.വ തീയതി 02.09.98 തീയതികളിലെ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗരേഖയും ആധാരമാക്കി, ലഭ്യമാക്കിയ പ്രോജക്ട് ഫയൽ, വിതരണ രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 10/18.08.2020പ്രകാരം ലഭ്യമാക്കിയ വിശദീകരണവും പരിഗണിച്ചിട്ടുണ്ട്).

1) <u>അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി</u>

ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗരേഖയിൽ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന സംഗതിയിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന അധികാരസ്ഥാനങ്ങൾ അല്ലെന്നും അംഗീകരിക്കുന്നതിനുള്ള അധികാര സ്ഥാനങ്ങൾ മാത്രമാണെന്നും ഗ്രാമസഭയ്ക്കാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അധികാരമെന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി ഉദ്ധരിച്ചുകൊണ്ട് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, ആനുകൂല്യം കൈപ്പറ്റിയ 60 ഗുണഭോക്താക്കളിൽ 8 പേർ മാത്രമാണ് അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലുള്ളത്. ഭരണസമിതിയുടെ 19.01.2019ലെ 4/1-ാം നമ്പർ തീരുമാന പ്രകാരം ലിസ്റ്റിലുള്ളവർ ആനുകൂല്യം കൈപ്പറ്റാത്ത സാഹചര്യത്തിൽ അർഹതയുള്ളവരും അപേക്ഷ നൽകിയിട്ടുള്ളവരുമായ 38 ഗുണഭോക്താക്കളെ അംഗീകരിച്ചു. വിതരണ രജിസ്റ്ററിൽ കൈപ്പറ്റിയ ക്രമത്തിലുള്ള ലിസ്റ്റാണ് അംഗീകരിച്ചിട്ടുള്ളത്. ഇത് കൂടാതെ രണ്ട് ലിസ്റ്റിലുമില്ലാത്ത ചുവടെ ചേർക്കുന്ന 14 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് വിവരം | വാർഡ് നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | അബ്ദുൾ റഷീദ്, അർഷാദ് മൻസിൽ | 10 |
| 2 | എ.ഷഹാബുദീൻ, ഷബ്ന കോട്ടേജ് | 9 |
| 3 | ശ്രീകുമാർ, ശ്രീമംഗലം | 2 |
| 4 | ഷറഫുദ്ദീൻ, മുബാറക്ക് മൻസിൽ | 13 |
| 5 | ഖദീജാബീവി, റാഫി ബിൽഡിംഗ് | 14 |
| 6 | മുഹമ്മദ് റൌഷാദ്, നസ്മവില്ല | 14 |
| 7 | ഷാജി കുമാർ, റോഡ് കോട്ടേജ് | 1 |
| 8 | ഹസീന, നജ്മ വിലാസം | 2 |
| 9 | മിനി, അഭിരാമം | 2 |
| 10 | ഷിബു.ആർ.എസ്, ശാരദാവിലാസം | 6 |
| 11 | എൻ.ശ്രീകുമാർ, ശ്രീഭവൻ | 9 |
| 12 | വിദ്യാധരൻ നായർ, അരുൺ നിവാസ് | - |
| 13 | ശോഭനകുമാരി, ശാരദാലയം | 6 |
| 14 | അബ്ദുൾ വാഹിദ്, ജാബിർ മൻസിൽ | 8 |

പ്രസ്തുത പദ്ധതിയുടെ ഗുണംകൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാകാൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി അർഹതയുള്ള അപേക്ഷ നൽകിയ 38 ഗുണഭോക്താക്കളെ പഞ്ചായത്ത് അംഗീകരിച്ച നൽകിയിരുന്നുവെന്നും ആനുകൂല്യം കൈപ്പറ്റാത്ത 14 പേരുടെ ലിസ്റ്റ് വാർഡുകളിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ അംഗീകാരത്തിന് സമർപ്പിച്ചിരുന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്. ആകെ ആനുകല്യം കൈപ്പറ്റിയ 60 ഗുണഭോക്താക്കളിൽ 8 പേർ മാത്രമാണ് അംഗീകൃത ഗുണഭോക്തൃലിസ്റ്റിലുള്ളത്. 38 പേരെ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഗ്രാമസഭയുടെയും ഭരണസമിതിയുടെയും അംഗീകാരമില്ലാത്ത 14 പേർക്ക് നല്കിയ സബ്സിഡി തുകയായ 1,96,000/- രൂപ (14000 x 14) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) മറ്റ് അപാകതകൾ

എ) കിണർ റീചാർജിംഗിന് ഏജൻസിക്ക് തുക നൽകിയത് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല. 8000/- രൂപ നിരക്കിൽ ഒരു പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ സാധനസാമഗ്രികളുടെ വിശദാംശവും പ്രസ്തുത നിരക്കിൽ പ്രവൃത്തി ചെയ്യാമെന്നുമുള്ള കത്താണ് ലഭ്യമാക്കിയത്.

ബി) സബ്സിഡി മാർഗരേഖയിൽ ഹരിത ഭവനം പദ്ധതി നടപ്പാക്കുന്ന മുറക്ക് തദ്ദേശസ്ഥാപനതല മിഷൻ ടീം പരിശോധിച്ച് ഉപദേശ നിർദ്ദേശങ്ങൾ നൽകി ചെയ്ത പ്രവർത്തനങ്ങൾക്കനുസൃതമായി വിവിധ സബ്സിഡികൾ അനുവദിക്കണമെന്നുണ്ട്. അയൽക്കൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ്

സാമൂഹ്യ സംഘടനകൾ എന്നിവയുടെ ശേഷി പ്രയോജനപ്പെടുത്തേണ്ടതും അവയെ ചുമതലപ്പെടുത്തേണ്ടതുമാണ്. അപ്രകാരം പ്രവർത്തനങ്ങൾ നടത്തിയതിന് തെളിവായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

സി) പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നടത്തിപ്പിലെ മേൽ അപാകതകൾക്ക് വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് നടത്തിപ്പിൽ ഇപ്രകാരമുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 1-29 ഹരിതശ്രീ - പ്രോജക്ട് ഫലപ്രാപ്തിയിലെത്തിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | | S0033/19 |
| പ്രോജക്ടിന്റെ പേര് | | ഹരിതശ്രീ - ഓണക്കാല പച്ചക്കറി കൃഷി |
| നിർവ്വഹണം | | കൃഷി ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് | 575000 |
| | ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 175000 |
| | ആകെ | 750000 |
| ഓഡിറ്റ് എൻക്വയറി | | 11/18.08.2020 |
| ആധാരം | | സ.ഉ(എം.എസ്) 22/2018 ത.സ്വഭ.വ. തീയതി 14.02.2018 -ാം നമ്പർ സബ്സിഡി മാർഗരേഖ |

| ചെലവ് വിശദാംശം | |
|---|---|
| ബിൽ നമ്പർ | തുക |
| 01/13.07.2018 | 75000 |
| 03/23.11.2018 | 75000 |
| | |

| | |
|---|---|
| 04/26.11.2018 | 225000 |
| 05/26.11.2018 | 38400 |
| 09/18.12.2018 | 93600 |
| 27/25.03.2019 | 8000 |
| ആകെ | 515000 |

250 കുടുംബശ്രീ വനിത സംഘങ്ങൾക്ക് പച്ചക്കറി വിത്തും ജൈവ വളവും കൂലിച്ചെലവ് സബ്സിഡിയും നൽകുന്നതിന് വിഭാവനം ചെയ്ത പ്രോജക്ട്.

കാർഷിക വിപണനകേന്ദ്രത്തിൽ നിന്നും 500 പാക്കറ്റ് പച്ചക്കറി വിത്ത് വാങ്ങി രണ്ട് പാക്കറ്റ് വീതം 250 ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. ജൈവവളവും ഇപ്രകാരം 250 യൂണിറ്റ് കാർഷിക വിപണനകേന്ദ്രത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കൂലിച്ചെലവ് സബ്സിഡിയായി 800 രൂപ വീതം 175 ഗ്രൂപ്പുകളുടെ അക്കൗണ്ടിലേക്കാണ് കൈമാറിയിട്ടുള്ളത്.

75 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തുക കൈമാറാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയ വിശദീകരണം ചുവടെ ചേർക്കുന്നു.

"പച്ചക്കറി കൃഷി ചെയ്യുന്നതിന് 250 കുടുംബശ്രീ വനിതയൂണിറ്റുകൾക്ക് പച്ചക്കറി വിത്തും ജൈവവളവും വിതരണം ചെയ്തു. തുടർന്ന് കൃഷി ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി കൃഷി വിലയിരുത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിലമൊരുക്കൽ, നടീൽ, വളം ഇടീൽ എന്നിവയ്ക്ക് ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കുന്നതിന് നിർദ്ദേശം നല്കിയെങ്കിലും 175 ഗ്രൂപ്പുകൾ മാത്രമാണ് പ്രസ്തുത വിവരങ്ങൾ ഹാജരാക്കിയത്. ആയതിനാൽ 75 ഗ്രൂപ്പുകൾക്ക് കൂലിച്ചെലവ് സബ്സിഡി തുക കൈമാറിയില്ല".

75 ഗ്രൂപ്പുകൾ കൃഷി ചെയ്തിട്ടില്ലായെന്നും വിത്തും വളവും വിതരണമായി പ്രോജക്ട് മാറിയെന്നും പ്രസ്തുത മറുപടി സൂചിപ്പിക്കുന്നു. പ്രോജക്ടിന്റെ പൂർണമായ ലക്ഷ്യപ്രാപ്തിക്കാവശ്യമായ മോണിറ്ററിംഗിന്റെ അഭാവവുമുണ്ട്. ഇപ്രകാരം അപാകതകളുണ്ടാകാതിരിക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-30 എ.ബി.സി പ്രോഗ്രാം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0081/19 |
| | |

| | | | |
|---|---|---|---|
| നിർവ്വഹണം | | വെറ്റിനറി സർജൻ | |
| അടങ്കൽ | ഫണ്ട് | വകയിരുത്തൽ | ചെലവ് |
| | വികസന ഫണ്ട് | 105000 | 105000 |
| ബിൽ നമ്പർ | | 2/03.09.18 | |
| ഓഡിറ്റ് എൻക്വയറി | | 19/18.08.2020 | |
| ആധാരം | | ജി.ഒ.(എം.എസ്) 22/2018 ത.സ്വഭ.വ. തീയതി 14.02.2018 -ാം നമ്പർ സബ്സിഡി മാർഗരേഖ | |

തെരുവ് നായ നിയന്ത്രണ പരിപാടിയുടെ ഭാഗമായി 50 നായകളെ വന്ധ്യംകരിക്കുന്നതിന് 2100/-രൂപ നിരക്കിൽ 105000/- രൂപ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ നിന്നും 50 നായകളെ പിടിച്ച് വെഞ്ഞാറമൂട് കേന്ദ്രമായി പ്രവർത്തിക്കുന്ന വന്ധ്യംകരണയൂണിറ്റിൽ വന്ധ്യംകരണത്തിന് വിധേയമാക്കി പരിപാലിച്ച് തിരികെ വിട്ടിട്ടുള്ളതായി ABC പ്രവർത്തനം നടത്തിയ വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 105000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-31 ശുചിത്വ സുന്ദര ഗ്രാമം - പദ്ധതി ക്യാമറ സ്ഥാപിക്കൽ മാത്രമായി ചുരുങ്ങി - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0112/19 | | |
| പ്രോജക്ടിന്റെ പേര് | ശുചിത്വ സുന്ദര ഗ്രാമം | | |
| | ഫണ്ട് | വകയിരുത്തൽ | ചെലവ് |
| അടങ്കൽ | വികസനഫണ്ട് | 1318900 | 797280 |
| | കേന്ദ്രാവിഷ്കൃത ഫണ്ട് | 2000000 | 28150 |
| | ആകെ | 3318900 | 825430 |
| ബിൽ നമ്പർ | 7/7.8.18 തുക 400000<br>16/9.11.18 തുക7680<br>20/13.11.18 തുക 389600 | | |
| ചെക്ക് നമ്പർ | 6950020/01.11.18 തുക28150 | | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ - സർക്കിൾ II |

ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഇറച്ചി വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനും കുറ്റവാളികളെ നിയമത്തിനു മുന്നിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ട്, 2017-18 സാമ്പത്തിക വർഷം വാങ്ങിയിട്ടുള്ള സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കലും പ്രവർത്തനക്ഷമമാക്കലും, ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഹരിതചട്ട ബോർഡുകൾ, വേസ്റ്റ് ബിന്നുകൾ എന്നിവ സ്ഥാപിക്കൽ, ഹരിതകർമ്മസേന രൂപീകരിച്ച് വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കൽ, എം.സി.എഫ് സെന്റർ, മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ സ്ഥാപിക്കൽ എന്നിവയാണ് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ശുചിത്വ സുന്ദര ഗ്രാമം പദ്ധതിയുടെ ലക്ഷ്യങ്ങൾ. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

I. <u>സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കല്</u>

1) 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനുമായ ഹരിതശ്രീ പദ്ധതിയിൽ ക്യാമറ വാങ്ങി സ്ഥാപിക്കുന്നതിനുവേണ്ടി 685000/-രൂപ അടങ്കൽ വകയിരുത്തി 659250/- രൂപ ചെലവഴിച്ച് 15 യൂണിറ്റ് സി.സി ടിവി ക്യാമറകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട് ( ഒരു യൂണിറ്റ് = 4 ക്യാമറകൾ, ആകെ 60എണ്ണം). സ. ഉ (എം എസ്) നം. 13/2015/ ITD തീയതി. 12.05.2015 പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള ടെണ്ടറുകൾക്ക് ഇ - പ്രൊക്വയർമെന്റ് രീതി ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി മാനുവൽ ടെണ്ടറിലൂടെയാണ് ക്യാമറകൾ വാങ്ങിയിട്ടുള്ളത്. പ്രസ്തുത ടെന്ററിന് പത്ര പരസ്യം നൽകിയിട്ടില്ല. അടിയന്തിരമായി ക്യാമറകൾ സ്ഥാപിക്കുന്നതിന് ഇ-ടെന്റർ ഒഴിവാക്കി ലിമിറ്റഡ് ടെന്റർ വഴി ക്യാമറകൾ വാങ്ങുന്നതിന് പ്രസിഡന്റ് രേഖാമൂലം നിർദ്ദേശം നല്കിയിട്ടുണ്ടെന്നും പത്രപരസ്യം നല്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ചിരുന്നുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 7/17.08.2020ന്റെ മറുപടി). പ്രസിഡന്റിന്റെ തീയതി രേഖപ്പെടുത്താത്ത കത്തും മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിര സാഹചര്യം വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കാത്തതിനാലും ക്യാമറകൾ സമയബന്ധിതമായി സ്ഥാപിക്കാഞ്ഞതിനാലും മറുപടി അംഗീകരിക്കാവുന്നതല്ല.

2) ടെണ്ടറിൽ പങ്കെടുത്ത രണ്ട് കമ്പനികളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത A B Enterprises, Kunnapuzha, Trivandrum എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത് (19.03.18 ലെ 1(2)-ാംനമ്പർ കമ്മിറ്റി

തീരുമാനപ്രകാരം അംഗീകരിച്ച ടെണ്ടർ). ക്യാമറ വാങ്ങി സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും കരാർ വെച്ചിട്ടുള്ളതും. 24.03.18ന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ സപ്ലൈ ഓർഡറിൽ 60 നിരീക്ഷണക്യാമറകൾ സപ്ലൈ ചെയ്യാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇൻവോയിസ് നമ്പർ 47/18 തീ. 24.03.18 പ്രകാരം 60ക്യാമറകളും അനുബന്ധ ഉപകരണങ്ങളും പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയവ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിരുന്നില്ല. ഇതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. അടങ്കൽ വെച്ച മുഴുവൻ തുകയ്ക്കും ക്യാമറ വാങ്ങിച്ചതിനാലാണ് ഇൻസ്റ്റലേഷൻ ചെയ്യാൻ കഴിയാതിരുന്നതും ആയതിനായി വീണ്ടും 789600/- രൂപ ചെലവഴിക്കേണ്ടിവന്നതെന്നും വ്യക്തമാണ്. 60ക്യാമറകളുടെ ആവശ്യം നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല.

3) പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇറച്ചി വേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വലിച്ചെറിയുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പഞ്ചായത്തിൽ പരാതികൾ ലഭ്യമായതിന്റെയോ ആയത് ഗ്രാമസഭയിലും പഞ്ചായത്ത് കമ്മിറ്റിയിലും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിലും വർക്കിംഗ് ഗ്രൂപ്പിലും ചർച്ച ചെയ്തതിന്റെയോ ഇതു സംബന്ധിച്ച് പഞ്ചായത്ത് പോലീസിൽ പരാതി നൽകിയതിന്റേയോ രേഖകളില്ല. പ്രസ്തുത വിഷയങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല.

4) ജി.ഒ (പി)നം. 259/2010/ത.സ്വ.ഭ.വ, തീ.08.11.10 പ്രൊക്വയർമെന്റ് മാർഗ്ഗരേഖ, സ്റ്റോർ പർച്ചേസ് മാനുവൽ-2013 എന്നിവ അനുസരിച്ച് വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല സെക്രട്ടറി കൺവീനറായിട്ടുള്ള പ്രൊക്വയർമെന്റ് കമ്മിറ്റിക്കാണ്. പ്രൊക്വയർമെന്റ് പ്ലാൻ അനുസരിച്ചുള്ള ക്യാമറകളുടെ ആവശ്യകത നിർണയം നടത്തി സ്പെസിഫിക്കേഷൻ, എണ്ണം, ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിക്കണം എന്നിവ പ്രൊക്വയർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകാരം വാങ്ങിയതിനു ശേഷമാണ് വാങ്ങൽ നടത്തേണ്ടിയിരുന്നത്. എന്നാൽ പഞ്ചായത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റി നിലവിലുണ്ടെങ്കിലും ക്യാമറ വാങ്ങൽ സംബന്ധിച്ച് യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല.

5) സ.ഉ(സാധാ) നം. 2420/2017/ ത.സ്വ.ഭ.വ/തീ.15.07.17പ്രകാരമുള്ള ശുചിത്വ-മാലിന്യ സംസ്കരണ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട ചുമതലകളിൽ നിരീക്ഷണക്യാമറ സ്ഥാപിക്കൽ ഉൾപ്പെടുന്നില്ല.

6) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.സി ടിവി ക്യാമറകൾ ആവശ്യമായതും മാലിന്യങ്ങൾ

കുമിഞ്ഞുകൂടുന്നതുമായ പ്രദേശങ്ങളുടെ സ്ഥല പരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

<u>(പ്രോജക്ട് നമ്പർ 112/19)</u>

7) ക്യാമറ സ്ഥാപിക്കലും പ്രവർത്തനക്ഷമമാക്കലും 2018-19 സാമ്പത്തിക വർഷത്തെ ശുചിത്വ സുന്ദര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പ്രോജക്ടായി നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. വാങ്ങിയ ക്യാമറകൾ സ്ഥാപിക്കുന്നതിനായി 789600/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ A B Enterprises ന്റെ 05/07/2018 ലെ 8/18 ഇൻവോയിസ് പ്രകാരം 540000/- രൂപയുടെ സി.സി ടിവി കേബിൾ വിതരണം ചെയ്തിട്ടുണ്ട്. ഇൻസ്റ്റലേഷൻ ചാർജ്ജും മറ്റുമായി 11.10.18 ലെ 20/18 ഇൻവോയിസ് പ്രകാരം 249600/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

9) ക്യാമറ ഇൻസ്റ്റലേഷൻ റിപ്പോർട്ടിൽ നിന്നും 6.7.18 മുതൽ 29.10.18 വരെ വിവിധ ദിവസങ്ങളിൽ വിവിധ സ്ഥലങ്ങളിൽ വർക്ക് നടന്നതായി കാണുന്നു. ഇൻസ്റ്റലേഷൻ പൂർത്തിയായത് എന്നാണെന്ന് അറിയാൻ കഴിയുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥനോ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളോ വർക്കിംഗ് ഗ്രൂപ്പോ ഇൻസ്റ്റലേഷൻ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10) ക്യാമറകളുടെ വാർഷിക മെയിന്റനൻസ് നടക്കുന്നില്ല. വിവിധ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ പ്രവർത്തന സജ്ജമല്ല എന്ന വ്യാപക പരാതിയുണ്ടെന്ന് 28.01.19 ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ടെങ്കിലും ഇവയുടെ റിപ്പയറിംഗ് നടന്നതായി രേഖകളില്ല. നിലവിൽ ക്യാമറകളുടെ പ്രവർത്തന മേൽനോട്ടം, വാർഷിക മെയിന്റനൻസ് എന്നിവ സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. A B Enterprises മായി ഉണ്ടാക്കിയ കരാറിൽ വാർഷിക മെയിന്റനൻസ് ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക മെയിന്റനൻസ് നടത്തുന്നതിനായി പുതിയ കരാറിൽ ഏർപ്പെട്ടിട്ടുമില്ല. ക്യാമറകളുടെ തുടർപരിപാലനവും നിരീക്ഷണവും മേൽനോട്ടവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്ന് സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 18/18.08.2020ന്റെ മറുപടി).

11) ക്യാമറകളുടെ നിരീക്ഷണവും മോൽനോട്ടവും ഏകോപിപ്പിച്ചിട്ടില്ല. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ BSNLനെറ്റ് വർക്ക് സർവ്വീസുമായി ബന്ധിപ്പിച്ചാൽ മാത്രമേ ഒറ്റ യൂണിറ്റായി കാണാൻ കഴിയുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിന് സാധിക്കുകയുള്ളൂവെന്നിരിക്കെ നാളിതുവരെ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ നിരീക്ഷണവും പരിപാലനവും നടക്കുന്നില്ല എന്ന് വ്യക്തമാണ്. പദ്ധതി അതിന്റെ ലക്ഷ്യത്തിലെത്തിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

II. <u>മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടക്കുന്നില്ല.</u>

a) സംസ്ഥാനത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ടുള്ള ഹരിതകേരളം പദ്ധതിയുടെ ഉപ ദൗത്യങ്ങളിലൊന്നാണ് ശുചിത്വ-മാലിന്യ സംസ്കരണം. പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം എന്ന പരമ

പ്രധാനമായ ലക്ഷ്യം മുൻ നിർത്തി തയ്യാറാക്കിയ പ്രോജക്ടിൽ 3318900/- രൂപ വകയിരുത്തിയെങ്കിലും ആകെ 25% മാത്രമാണ് ചെലവഴിച്ചത്.

b) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഹരിതചട്ട ബോർഡുകൾ, വേസ്റ്റ് ബിന്നുകൾ എന്നിവ സ്ഥാപിക്കൽ, ഹരിതകർമ്മസേന രൂപീകരിച്ച് വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കൽ, എം.സി.എഫ് സെന്റർ, മാലിന്യ സംസ്കരണ പ്ലാന്റുകൾ എന്നിവ സ്ഥാപിക്കൽ എന്നിവ പ്രാവർത്തികമാക്കിയിട്ടില്ല. സ.ഉ (സാധാ) നം. 2420/2017/ ത.സ്വ.ഭ.വ തീയതി 15.07.17, ഖണ്ഡിക 4 പ്രകാരം തദ്ദേശഭരണസ്ഥാപന ഭരണസമിതിയുടെ അംഗീകാരം ലഭിച്ച മാലിന്യ-സംസ്കരണ പരിപാടി അനുസരിച്ച്, രണ്ട് മാസം കൊണ്ട് ആവശ്യമായ ഉറവിട മാലിന്യസംസ്കരണ സംവിധാനങ്ങളും പൊതു സംവിധാനങ്ങളും മറ്റ് അനുബന്ധ ക്രമീകരണങ്ങളും ഒരുക്കുകയും പ്രവർത്തനക്ഷമമാക്കുകയും വേണം.

c) ഹരിതകർമ്മസേനയുടെ പ്രവർത്തനം പഞ്ചായത്തിൽ നടക്കുന്നില്ല. ഹരിതകർമ്മസേനക്ക് ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തതല്ലാതെ മാലിന്യം ശേഖരിക്കുകയോ അതിന്റെ പരിപാലനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 2019-20 ൽ തുടർ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/18.08.2020) എം.സി.എഫിന്റെ പ്രവർത്തനം പുരോഗമിക്കുന്നുവെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓരോ തദ്ദേശഭരണസ്ഥാപന സ്ഥാപനത്തിലെയും മാലിന്യ-സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് തെരഞ്ഞെടുത്ത ഹരിതകർമ്മസേന മുഖേനയാണ്. ഹരിതകർമ്മസേനയുടെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചുമതലകൾ, പ്രവർത്തനങ്ങൾ ഇതിലേക്ക് തദ്ദേശഭരണസ്ഥാപനം നിർവ്വഹിക്കേണ്ട ചുമതലകൾ എന്നിവ 15.07.17 ലെ 2420-ാം നമ്പർ സർക്കാർ ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ച് തുടർനടപടികൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണ സമിതിയുടേയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-32 ലൈഫ് ഭവനപദ്ധതി (എസ്.സി) - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0072 /19 |
| പ്രോജക്ടിന്റെ | ലൈഫ് - പി.എം.എ.വൈ. ഭവനപദ്ധതികൾക്കുള്ള |

| പേര് | ഗ്രാമപഞ്ചായത്ത് വിഹിതം (പട്ടികജാതി വിഭാഗം) | | |
|---|---|---|---|
| | ഫണ്ട് | വകയിരുത്തൽ | ചെലവ് |
| അടങ്കൽ | വികസനഫണ്ട് - എസ്.സി.പി | 1010800 | 1010800 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1268491 | 1268491 |
| | ജില്ല പഞ്ചായത്ത് വിഹിതം | 745069 | 745069 |
| | ഗുണഭോക്തൃ വിഹിതം | 4575640 | 1475640 |
| | ആകെ | 7600000 | 4500000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ - സർക്കിൾ II | | |

പ്രസ്തുത പ്രോജക്ട് പ്രകാരം 19 പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ കരാർ വെച്ച് ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ വീടുപണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക/ തീയതി | ഗഡു |
|---|---|---|---|
| 1 | വസന്ത, വസന്ത വിലാസം , അംബേദ്കർ ഗ്രാമം, വാർഡ്-9 | 40000/- 11.01.18 | ഒന്നാം ഗഡു |
| 2 | സുരേന്ദ്രൻ, തോട്ടുംകര വീട് , കരിങ്കുഴി വാർഡ്- 10 | 40000/- 11.01.18 | ഒന്നാം ഗഡു |
| 3 | ലോഹിതൻ, അംബേദ്കർ ഗ്രാമം പനവൂർ | 40000/- 11.01.18<br>160000/- 24.11.18<br>100000/- 22.03.19 | മൂന്ന് ഗഡുക്കൾ |

നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നേരിട്ടും രേഖാമൂലവും അറിയിപ്പ് നൽകിയിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ23/20.08.20ന്റെ മറുപടി). സ.ഉ(എം.എസ്) നം.106/2017/ ത.സ്വ.ഭ.വ തീയതി 11.10.17 പ്രകാരം ഓരോ വീടിന്റേയും നിലവിലുള്ള അവസ്ഥ സംബന്ധിച്ച് വാർഡ്തല

കർമ്മസമിതി രൂപീകരിച്ച് വിലയിരുത്തേണ്ടതാണ്. ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-33 ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 95/18-19 |
| പ്രോജക്ടിന്റെ പേര് | ജാഗ്രതാസമിതി ശക്തിപ്പെടുത്തൽ |
| അടങ്കൽ | 25000/- (വികസനഫണ്ട്) |
| ചെലവ് | 25000/- |
| ബിൽ നമ്പർ | 04/17.09.2018തുക 1750/-<br>20/16.03.2019 തുക 23250/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓരോ ഗ്രാമപഞ്ചായത്തിലും പഞ്ചായത്ത്/വാർഡ് തലത്തിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെയും സ്ത്രീകളുടെയും സുരക്ഷയും പരാതികൾ പരിഹരിക്കുക എന്നിവ ഉറപ്പുവരുത്തേണ്ടതുമാണെന്ന് സ.ഉ(കൈ)നം.22/2018/ ത.സ്വ.ഭ.വ തീയതി 14.2.2018 ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സമിതിയുടെ യോഗങ്ങൾ എല്ലാ മാസവും ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതുമാണ് [കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164എ(5)].

മേൽ പദ്ധതിയുടെ ഫയലുകളും ജാഗ്രതാസമിതി മിനിട്സ് ബുക്കും പരിശോധിച്ചതിൽ 2018-19 ൽ രണ്ട് തവണ മാത്രമാണ് പഞ്ചായത്തുതല ജാഗ്രത സമിതി കൂടിയിരിക്കുന്നത്. ഇതിൽ 01.08.18ൽ നടന്ന ജാഗ്രതാസമിതി ശില്പശാലയിൽ 51 പേർ പങ്കെടുത്തിട്ടുണ്ടെങ്കിലും ചർച്ചകൾ സംബന്ധിച്ച് രേഖപ്പെടുത്തലുകളില്ല. 21.02.19ന് താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റിയിലെ അഡ്വക്കേറ്റ് ബോധവൽക്കരണ ക്ലാസ് എടുക്കുകയും 62 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. വാർഡ് തലത്തിൽ ജാഗ്രതാസമിതി കൂടിയിട്ടില്ല.

ആകെ ചെലവഴിച്ച 25000/- രൂപയിൽ 23850/-രൂപയും രണ്ട് മീറ്റിങ്ങിന് നൽകിയ ഭക്ഷണത്തിന് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ ബിൽ നമ്പർ 20പ്രകാരം ജെ എസ് ബേക്കറി ആന്റ് സ്റ്റോറിന് നൽകിയ 22100/-രൂപ അവരുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് പകരം നിർവ്വഹണ ഉദ്യോഗസ്ഥയുടെ അക്കൗണ്ട് വഴി മാറി പണമായി നൽകുകയാണ് ചെയ്തിട്ടുള്ളത്. ജി.ഒ.(പി)177/2006/ഫിൻ/12.04.2006 അനുസരിച്ച് 1000/-രൂപയിൽ താഴെയുള്ള തുക മാത്രമാണ് പണമായി നൽകാവുന്നത്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 24/20.08.20) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്ത്/വാർഡ് തലത്തിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-34 ബഡ്സ് സ്കൂളിൽ പോകുന്നവർക്ക് യാത്രാ സൗകര്യം - ചെലവുരേഖകൾ ലഭ്യമല്ല - 19920/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S009/18-19 |
| പ്രോജക്റ്റിന്റെ പേര് | ബഡ്സ് സ്കൂളിൽ പോകുന്നവർക്ക് യാത്രാ സൗകര്യം |
| അടങ്കൽ | 60000/- (തനത് ഫണ്ട്) |
| ചെലവ് | 47064/- |
| ചെക്ക് നമ്പർ | 826168/18.08.18 തുക5184<br>826268/15.12.18 തുക9576<br>ചെക്ക് നമ്പര് ലഭ്യമല്ല, തുക12384<br>ചെക്ക് നമ്പർ ലഭ്യമല്ല, തുക19920 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആധാരം | ജി.ഒ.(എം.എസ്) 22/2018 ത.സ്വഭ.വ. തീയതി 14.02.2018 -ാം നമ്പർ സബ്സിഡി മാർഗരേഖ |

ആനാട് ഗ്രാമപഞ്ചായത്തിലെ 13-ാംവാർഡിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിലേക്ക് കുട്ടികളെ കൊണ്ടുപോകുന്നതിനുള്ള യാത്രാചെലവിനായി തനത്ഫണ്ടിൽ നിന്നും 47064/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 27144/- രൂപയുടെ (5184 +9576 +12384) ചെലവുരേഖകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇത് പനവൂർ ബിന്ദുവിലാസത്തിൽ ബിന്ദു.എസ് എന്ന കുട്ടിയുടെ യാത്രാചെലവാണ്. ബഡ്സ് സ്കൂൾ അധ്യാപിക നൽകിയ അറ്റന്റൻസിന്റെ അടിസ്ഥാനത്തിൽ ചെലവ് തുക വാഹനം ലഭ്യമാക്കിയ രശ്മി.എൽ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിരിക്കുന്നു. 19920/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

എത്ര കുട്ടികൾക്കാണ് ബഡ്സ് സ്കൂളിലേക്ക് യാത്രാ സൗകര്യം നൽകിയിരിക്കുന്നതെന്ന് വ്യക്തമല്ല. കൂടാതെ വാഹനം വാടകക്കെടുത്ത ക്വട്ടേഷൻ, യാത്രാ നിരക്ക് നിശ്ചയിച്ച കമ്മിറ്റി തീരുമാനം എന്നിവ

ലഭ്യമല്ല. പദ്ധതിയുടെ മോണിറ്ററിംഗ് നടന്നിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/20.08.20) മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ ലഭ്യമല്ലാത്തതിനാൽ 19920/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കുകയും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ, ചെലവുരേഖകൾ എന്നിവയുടെ സൂക്ഷിപ്പിലും മോണിറ്ററിംഗിലും സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

# 1-35 വനിതകൾക്ക് യോഗ പരിശീലനം - ചെലവുരേഖകൾ ലഭ്യമല്ല - 118187/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0117/18-19 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് യോഗപരിശീലനം |
| അടങ്കൽ | 118187/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 118187/- |
| ബിൽ നമ്പർ | 21/20.03.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീ സി.ഡി.എസിനെയാണ് നിശ്ചയിച്ചിട്ടുള്ളത്. പരിശീലനം നൽകേണ്ട ഗുണഭോക്താക്കളെ സി.ഡി.എസ് മുഖേന തെരഞ്ഞെടുത്ത് ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമായി ആയുഷുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്തിലെ 100 വനിതകൾക്ക് യോഗപരിശീലനം നൽകുകയാണ് ലക്ഷ്യം. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1. പദ്ധതിയുടെ അംഗീകൃത നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ സി.ഡി.എസ്, ആയുഷുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാതെ, നടത്തിപ്പ് ചുമതല പൂർണമായും മറ്റൊരു ഏജൻസിയായ ശാന്തിയോഗാ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കവടിയാർ, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയാണുണ്ടായത്. പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥയും കുടുംബശ്രീയും കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്ത മാനദണ്ഡങ്ങളോ കമ്മിറ്റി തീരുമാനമോ ലഭ്യമല്ല.

2. 29.01.19 മുതൽ 04.03.19 വരെ 25 ദിവസം 27 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തതായി ലഭ്യമാക്കിയ അറ്റന്റൻസ് രജിസ്റ്റർ വ്യക്തമാക്കുന്നു. എന്നാൽ ഇവർക്ക് ഏത് സമയത്ത് എവിടെവച്ച് പരിശീലനം നൽകി എന്നതിന് വ്യക്തമായ രേഖകളില്ല.

3. ഓരോ വാർഡിൽ നിന്നും 3ഗുണഭോക്താക്കളെ വീതം തിരഞ്ഞെടുത്ത് പരിശീലനം നൽകി അവരെ മാസ്റ്റർ പരിശീലകരാക്കുകയാണ് ലക്ഷ്യം. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്കാണ് പരിശീലനം നൽകേണ്ടത്. പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കാത്തതിനാൽ ഗുണഭോക്താക്കൾ അർഹരാണോ, ഏതെല്ലാം വാർഡിൽ ഉൾപ്പെട്ടവരാണ്, എത്ര പേർക്ക് പരിശീലനം നൽകി എന്നത് വ്യക്തമല്ല.

4. സ.ഉ(കൈ)നം.22/2018/തസ്വഭവ, തിരുവനന്തപുരം തീയതി 14.02.2018, ഖണ്ഡിക 7.5 പ്രകാരം ഒരു സെഷന് 400/-രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12000/- രൂപയാണ് പരിശീലകർക്ക് ഓണറേറിയമായി നൽകാവുന്നത്. എന്നാൽ ശാന്തിയോഗ ട്രെനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് 3 പരിശീലകർക്കായി 30000/-രൂപ നൽകിയതായി വൗച്ചർ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പരിശീലകരുടെ അറ്റന്റൻസ്, തുക അവരുടെ അക്കൗണ്ടിലേക്ക് കൈമാറിയ രേഖകൾ എന്നിവ ലഭ്യമല്ല.

5. വൗച്ചർ നമ്പർ 3/05.02.19 പ്രകാരം ഗ്ലോബൽ സൂപ്പർമാർക്കറ്റിൽ നിന്നും 27 യോഗമാറ്റ് വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകളില്ല.

6. വൗച്ചർ നമ്പർ 502/25.02.19 പ്രകാരം രേവതി കളർ പ്രിന്റേഴ്സിൽ നിന്നും 800/- രൂപ നൽകി 250 എണ്ണം യോഗപരിശീലന ഉദ്ഘാടന നോട്ടീസ് അച്ചടിക്കുകയും പകർപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബിൽ നമ്പർ 1532/01.02.19 പ്രകാരം സ്വാബിൻ കംപ്യൂട്ടേഴ്സിൽ നിന്നും 1200/- രൂപ നോട്ടീസിന് ചെലവഴിച്ചതായും കാണിച്ചിട്ടുണ്ട്.

7. വൗച്ചർ നമ്പർ 1531/01.03.19അനുസരിച്ച് 150/-രൂപ നിരക്കിൽ 150 ട്രെയിനിംഗ് മാന്വൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകളില്ല. ട്രെയിനിംഗ് മാന്വലിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

8. വൗച്ചർ നമ്പർ 7/20.03.19 പ്രകാരം അമൽസാഗർ, ഗാന്ധിപുരം, തിരുവനന്തപുരം എന്ന വ്യക്തിക്ക് 8000/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവുരേഖകൾ ലഭ്യമല്ല.

9. വൗച്ചർ നമ്പർ 1523/20.02.19 പ്രകാരം ചെലവഴിച്ചതായി കാണിച്ചിട്ടുള്ള 4987/- രൂപ ഏതിനത്തിലുള്ളതെന്ന് വ്യക്തമല്ല.

10. വൗച്ചർ നമ്പർ 13 പ്രകാരം എച്ച്.ഐ. ഓഡിറ്റോറിയം ഹാൾ വാടക ഇനത്തിൽ 13500/-രൂപ നൽകിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ തുക പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയതിന്റെയും കൈപ്പറ്റിയതിന്റെയും രേഖകളില്ല.

11. മേൽ പറഞ്ഞ വിവിധങ്ങളായ ചെലവുകൾ ചെയ്തതായി കാണിച്ച് ആകെ 118187/- രൂപയുടെ ബില്ലുകളും വൗച്ചറുകളും ശാന്തിയോഗാ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഹാജരാക്കിയിട്ടുണ്ട്. ചെലവ് തുക

പൂർണമായും ഭരണസമിതി തീരുമാനം നമ്പർ 10/ 19.01.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ കുടുംബശ്രീ സി.ഡി.എസിന്റെ സിന്റിക്കേറ്റ് ബാങ്ക് പനവൂർ ശാഖയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കുടുംബശ്രീ അക്കൗണ്ടിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയതും സ്ഥാപനം കൈപ്പറ്റിയതുമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

12. പദ്ധതിയുടെ മോണിറ്ററിംഗ് നടന്നിട്ടില്ല. യോഗ പരിശീലനത്തിന്റെ മാത്രം ചുമതല ഏൽപ്പിക്കുന്നതിനു പകരം, പദ്ധതി നിർവ്വഹണത്തിന്റെ പൂർണ ചുമതല സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിക്കുകയാണുണ്ടായത്. യോഗ പരിശീലനം സംബന്ധിച്ച നോട്ടീസുകൾ, ഫോറങ്ങൾ, സാധനങ്ങൾ വാങ്ങിയ വൗച്ചറുകളുമല്ലാതെ യോഗപരിശീലനം നടന്നതായുള്ള റിപ്പോർട്ടുകളൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥയോ കുടുംബശ്രീയോ തയ്യാറാക്കിയിട്ടില്ല. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ വർക്കിംഗ് ഗ്രൂപ്പുകളോ ഇടപെടുകയോ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/19.08.20) മറുപടി ലഭ്യമാക്കിയില്ല.

ചെലവുരേഖകളുടെ സാധുത ബോധ്യപ്പെടുന്ന രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തുകയായ 118187/- രൂപ തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച വിഷയങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും പൊതു പണം ദുരുപയോഗം ചെയ്യുന്നത് ഒഴിവാക്കേണ്ടതുമാണ്.

# 1-36 സ്പീച്ച് ബിഹേവിയറൽ ഒക്യുപേഷൻ തെറാപ്പി - ചെലവുരേഖകൾ ഹാജരാക്കിയില്ല- 13500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0120 |
| പ്രോജക്ടിന്റെ പേര് | സ്പീച്ച് ബിഹേവിയറൽ ഒക്യുപേഷൻ തെറാപ്പി |
| അടങ്കൽ | 100000<br>(വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 15500 |
| ബിൽ നമ്പർ | 19/15.03.2019 തുക2000 |

| | |
|---|---|
| | 22/15.03.19 തുക 13500 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

അംഗൻവാടി തലത്തിലും ലോവർ പ്രൈമറി സ്കൂളിലും പഠിക്കുന്ന സംസാരവൈകല്യമുൾപ്പെടെ മറ്റ് വ്യത്യസ്ത വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ ചികിത്സ നൽകുന്നതിന് സ്പീച്ച് ബിഹേവിയറൽ ഒക്യുപേഷൻ തെറാപ്പി നൽകുന്നതിനായി സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് [സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ/ തീ.14.02.18,ഖ 7.1.10അനുസരിച്ച്]. പ്രസ്തുത സേവനത്തിനായി അനന്തപുരി ചൈൽഡ് ഡെവലപ്മെന്റ് സെന്റർ എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തുകയും കുട്ടികൾക്ക് തെറാപ്പി നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ള 15500/- രൂപയിൽ ബിൽ നമ്പർ 22 പ്രകാരമുള്ള 13500/- രൂപയുടെ ചെലവുരേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/20.08.20) മറുപടി ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-37 തൊഴിലുറപ്പ് പദ്ധതി അവലോകനം

തൻ വർഷം നടപ്പാക്കിയ തൊഴിലുറപ്പ് പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | നഴ്സറി നിർമ്മാണം | 1 | 69193 |
| 2 | ഓട പുനരുദ്ധാരണം | 17 | 2768615 |
| 3 | മണ്ണ് - ജല സംരക്ഷണ പ്രവൃത്തികൾ | 108 | 24938823 |
| 4 | പാട്ട കൃഷി | 81 | 15565442 |
| 5 | വ്യക്തിഗത കക്കൂസ് നിർമ്മാണം | 24 | 406953 |
| 6 | തോട് പുനരുദ്ധാരണം | 39 | 3027583 |
| 7 | കിണർ നിർമ്മാണം | 7 | 1133910 |
| 8 | ഫാംപോണ്ട് നിർമ്മാണം | 7 | 869136 |
| | ആകെ | | 48779655 |

പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എം.എൻ.ആർ.ഇ.ജി.എസ് ആക്ട് 2005 സർക്കുലർ ഖ 6.1.1 പ്രകാരം ഷെൽഫ് ഓഫ് പ്രോജക്ട് ഗ്രാമസഭ അംഗീകരിക്കേണ്ടതും ഖ 6.10 പ്രകാരം ആസ്തി സൃഷ്ടിക്കുന്നതിനു വേണ്ടി തയ്യാറാക്കപ്പെട്ട പ്രവൃത്തികൾ അവയുടെ തുടർ നടപടിക്രമങ്ങൾ എന്നിവ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കേണ്ടതുമാണ്.

മേൽ പട്ടികയിലെ ക്രമ നമ്പർ 5, 7 എന്നിവ പ്രകാരമുള്ള ആസ്തി നിർമ്മാണ പ്രവൃത്തികളുടെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2) കയർ ഭൂവസ്ത്രത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ പ്രവൃത്തിക്കായി വിനിയോഗിച്ചതിന്റെയും നീക്കിയിരിപ്പിന്റെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3) ബാംബൂ നെയിൽസ് ഉപയോഗിച്ചതിന് തുക അനുവദിച്ചതിന് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

ഉദാ:- കരിഞ്ചാത്തി മൂല – ഒറ്റക്കൊമ്പ് - തീർത്ഥങ്കര തോട് പുനരുദ്ധാരണം

4) പ്രവൃത്തിയുടെ സൈറ്റ് ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഉദാ:- കരിഞ്ചാത്തി മൂല – ഒറ്റക്കൊമ്പ് - തീർത്ഥങ്കര തോട് പുനരുദ്ധാരണം

പ്രസ്തുത വിഷയങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 30/20.08.2020) മറുപടി ലഭ്യമാക്കിയില്ല.

പ്രസ്തുത വിഷയങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ഭാവിയിലെ പദ്ധതി നിർവ്വഹണത്തിൽ ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-38 ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് | ഫാമിലി വെൽഫയർ സെന്ററുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ |
| നമ്പർ | 23/19 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ തുക | 212000 |
| ഫണ്ടിനം | മെയിന്റനസ് ഫണ്ട് (റോഡിതരം) |
| ചെലവ് തുക | 203597 |
| ബിൽ നമ്പർ | 50/23.03.19 തുക 82400<br>54/ 29.03.19 തുക 121197 |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും 1,21,197/- രൂപ ചെലവഴിച്ച് ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. ഫർണിച്ചർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചെങ്കിലും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത് (ശബരി സ്റ്റീൽ ഫർണിച്ചർ). പ്രസ്തുത ടെണ്ടർ അംഗീകരിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. 28.10.2013-ലെ സർക്കുലർ നമ്പർ 2508/B2/2013/SPDപ്രകാരം സിംഗിൾ ടെന്ററാണ് ലഭിക്കുന്നതെങ്കിൽ റീടെണ്ടർ നടത്തിയതിന് ശേഷം മാത്രമെ ടെണ്ടർ അംഗീകരിക്കാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പി.എച്ച്.സി-ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ ഗ്രാമപഞ്ചായത്താണ് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 17/18.08.2020ന്റെ മറുപടി). ഇത്തരത്തിൽ വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-39 മരുന്നുകൾ ലഭ്യമായ രേഖകൾ ഹാജരാക്കിയില്ല

<table>
<tr><td colspan="2">പ്രോജക്ട്</td><td colspan="2">പാലിയേറ്റീവ് കെയർ</td></tr>
<tr><td colspan="2">പ്രോജക്ട് നമ്പർ</td><td colspan="2">18/19</td></tr>
<tr><td colspan="2">നിർവ്വഹണം</td><td colspan="2">മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)</td></tr>
<tr><td rowspan="6">അടങ്കൽ</td><td>ഫണ്ട്</td><td>വകയിരുത്തൽ</td><td>ചെലവ്</td></tr>
<tr><td>വികസന ഫണ്ട് -ജനറൽ</td><td>261000</td><td>261000</td></tr>
<tr><td>തനത് ഫണ്ട്</td><td>180000</td><td>160318</td></tr>
<tr><td>ബ്ലോക്ക് പഞ്ചായത്ത് വിഹിതം</td><td>200000</td><td>200000</td></tr>
<tr><td>മെയിന്റനസ് ഫണ്ട് (റോഡിതരം)</td><td>334000</td><td>234889</td></tr>
<tr><td>ആകെ</td><td>975000</td><td>856207</td></tr>
<tr><td colspan="2">ബിൽ നമ്പർ/ ചെക്ക് നമ്പർ</td><td colspan="2">തുക</td></tr>
<tr><td colspan="2">11/20.07.18</td><td colspan="2">69800</td></tr>
<tr><td colspan="2">14/14.08.18</td><td colspan="2">58800</td></tr>
<tr><td colspan="2">20/24.09.18</td><td colspan="2">29400</td></tr>
<tr><td colspan="2">23/ 09.10.18</td><td colspan="2">50000</td></tr>
<tr><td colspan="2">25/ 22.10.18</td><td colspan="2">54400</td></tr>
<tr><td colspan="2">35/12.12.18</td><td colspan="2">29400</td></tr>
</table>

| | |
|---|---|
| 40/ 29.12.18 | 29400 |
| 42/14.02.19 | 93006 |
| 43/06.03.19 | 55722 |
| 48/ 23.03.19 | 17878 |
| 55/29.03.19 | 8083 |
| 2334159 / 23.03.19 | 160318 |
| 2786878 / 21.03.19 | 12122 |
| 2786876 / 02.03.19 | 183961 |
| 2658762 / 26.03.19 | 3917 |

ബിൽ നമ്പർ 23 പ്രകാരം ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഔഷധിയിൽ നിന്നും വാങ്ങിയ മരുന്നും അനുബന്ധബില്ലുകളും ആയുർവേദാശുപത്രിയിൽ സൂക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത് എന്നാണ് നിർവ്വഹണോദ്യഗസ്ഥൻ അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 17/18.08.2020ന്റെ മറുപടി). പാലിയേറ്റീവ് കെയറിനായി ഇൻവോയിസ് പ്രകാരം വാങ്ങിയ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**2-1 .**

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 .**

ഇല്ല.

<u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.05.2019 മുതൽ 25.05.2019 വരെ | കെ.എസ്.എ.റ്റി.വി.എം.ജിപി. 6/953/2019 തീയതി 24.06.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2018-19 | 90000 | ക്ഷീര സമൃദ്ധി | 90000 | 0 |
| | | 8500 | കേദാരം - സമഗ്ര നെൽകൃഷി വികസനം | 8500 | 0 |
| | | 192375 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 192375 | 0 |
| | | 2447332 | ലൈഫ്/പി.എം.വൈ ഭവനപദ്ധതികൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം | 2447332 | 0 |
| | | 420000 | ഹരിതഭവനം | 420000 | 0 |
| | | 745069 | ലൈഫ്/പി.എം.വൈ ഭവനപദ്ധതികൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം(പട്ടികജാതി വിഭാഗം) | 745069 | 0 |
| | | 87662 | ലൈഫ് അധിക വിഹിതം | 0 | 87662 |
| | ആകെ | 3990938 | | 3903276 | 87662 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ക്ഷീര സമൃദ്ധി | 200000 | 0 |
| | | 8500 | കേദാരം - സമഗ്ര | 8500 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നെൽകൃഷി വികസനം | | |
| | | 192375 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 192375 | 0 |
| | | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 1383883 | ലൈഫ്/പി.എം.വൈ ഭവനപദ്ധതികൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം | 1383883 | 0 |
| | | 1268491 | ലൈഫ്/പി.എം.വൈ ഭവനപദ്ധതികൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം(പട്ടികജാതി വിഭാഗം) | 1268491 | 0 |
| | | 300000 | ആശ്രയ തുടർ സേവനപദ്ധതിക്കുള്ള പഞ്ചായത്ത് വിഹിതം | 200000 | 100000 |
| | | 336000 | ജലശ്രീ | 0 | 336000 |
| | | 398980 | പനവൂർ പാറയടി റോഡ് കോൺക്രീറ്റ് (രണ്ടാം ഘട്ടം) | 0 | 398980 |
| | ആകെ | 4288229 | | 3453249 | 834980 |

| | 17-18 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | RP 31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | 18-19 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 0 | 3990938 | 3990938 | 3903276 | 87662 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 24936 | 4288229 | 4313165 | 3453249 | 859916 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 119873 | 119873 | 0 |
| ആകെ | | 119873 | 119873 | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൽ നീട്ടി കുടിവെള്ളമെത്തിക്കൽ | 1000000 | 0 | 1000000 |
| | അംഗീകൃത പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലും പൈപ്പ് ലൈൻ നീട്ടി കുടിവെള്ളമെത്തിക്കൽ | 1700000 | 0 | 1700000 |
| | വാഴമല പട്ടികവർഗ്ഗ സങ്കേതത്തിൽ കുടിവെള്ള പദ്ധതി | 450000 | 0 | 450000 |
| ആകെ | | 3150000 | 0 | 3150000 |

| | 17-18 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 18-19 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 18-19 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 93127 | 119873 | 213000 | 119873 | 93127 |
| കേരള വാട്ടർ അതോറിറ്റി | 4015000 | 3150000 | 7165000 | 0 | 7165000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 50504425/-രൂപ വരവുണ്ട്. 50504425/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.(ആർ.റ്റി) 429/2010/ എൽ. എസ്.ജി.ഡി തീയതി 06.02.2010 | 13743000 | 2748600 | 1374300 | - | 1374300 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 50504425 | 0 | 0 | - | 50504425 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 123971523 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 122109854 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5494490 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17(5) | 150000 | ശ്രീ. സന്തോഷ് കുമാർ.കെ.വി., സെക്രട്ടറി |
| 1-19 | 24500 | ശ്രീ. സന്തോഷ് കുമാർ.കെ.വി., സെക്രട്ടറി |
| 1-22 | 37000 | ശ്രീ. സന്തോഷ് കുമാർ.കെ.വി., സെക്രട്ടറി |
| 1-24 | 129440 | ശ്രീ. സന്തോഷ് കുമാർ.ജെ.എസ്., സെക്രട്ടറി |
| 1-25 | 63475 | ശ്രീ. അനിൽ.ഡി.ജെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 4637468 | ശ്രീമതി രമാകുമാരി.ബി.ആർ , അസിസ്റ്റന്റ് എഞ്ചിനീയർ (3460300)<br>ശ്രീ.അനിൽ ഡി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ (1177168) |
| 1-28 | 196000 | ശ്രീ. ഷൈസ്.എസ്, കൃഷിഓഫീസർ |
| 1-30 | 105000 | ഡോ. സ്മിത തോമസ്.പി., വെറ്റിനറി സർജൻ |
| 1-34 | 19920 | ശ്രീമതി അംബിക അന്തർജനം, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-35 | 118187 | ശ്രീമതി അംബിക അന്തർജനം, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-36 | 13500 | ശ്രീമതി അംബിക അന്തർജനം, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 5494490 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സന്തോഷ് കുമാർ.കെ.ബി., സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് 4 നെല്ലനാട് | കമലാ നിലയം, കുര്യാത്തി, പനയ്ക്കോട് പി.ഒ, തിരുവനന്തപുരം 695542 |
| ശ്രീ. സന്തോഷ് കുമാർ.ജെ.എസ്., സെക്രട്ടറി | സെക്രട്ടറി, വെമ്പായം ഗ്രാമപഞ്ചായത്ത് | ശ്രേയസ്, RRA 48, രാമപുരം ലെയിൻ, അമ്പലമുക്ക്, മുക്കോലയ്ക്കൽ പി.ഒ തിരുവനന്തപുരം 695043 |
| ശ്രീ. അനിൽ.ഡി.ജെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പനവൂർ ഗ്രാമപഞ്ചായത്ത് | സ്നേഹ ഭവൻ, ABRA, മണ്ണന്തല.പി.ഒ. തിരുവനന്തപുരം |
| ശ്രീമതി രമാകുമാരി.ബി.ആർ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കല്ലറ ഗ്രാമപഞ്ചായത്ത് | കൃഷ്ണകൃപ, കുളപ്പാട്, ആര്യനാട് തിരുവനന്തപുരം |
| ശ്രീ. ഷൈസ്.എസ്, കൃഷി ഓഫീസർ | കൃഷിഓഫീസർ, പനവൂർ ഗ്രാമപഞ്ചായത്ത് | കാവുവിള ഹൌസ്, വെഞ്ഞാറമൂട്.പി.ഒ. |
| ഡോ. സ്മിത തോമസ്.പി., വെറ്റിനറി സർജൻ | ലഭ്യമല്ല | കെ 31, കൈലാസ് നഗർ, കേശവദാസപുരം, പട്ടം.പി.ഒ. |
| ശ്രീമതി അംബിക അന്തർജനം, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ലഭ്യമല്ല | വിജയ വിലാസം, പാറക്കര, പുതുകുളങ്ങര.പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.റ്റി.വി.എം.ജി.പി.6/946/2018 തീയതി 17.05.2018 | 1 |
| 2002-03 | | 4 |
| | | |

| | | |
|---|---|---|
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 12 |
| 2006-07 | | 1 |
| 2007-08 | കെ.എസ്.റ്റി.വി.എം.ജി.പി.6/1260/2018 തീയതി 17.05.2018 | 2 |
| 2008-09 | | 5 |
| 2009-10 | | 2 |
| 2010-11 | | 3 |
| 2011-12 | | 9 |
| 2012-13 | | 4 |
| 2013-14 | | 2 |
| 2014-15 | | 8 |
| 2015-16 | കെ.എസ്.റ്റി.വി.എം.ജി.പി.6/2625/2018 തീയതി | 12 |
| 2016-17 | | 13 |
| 2017-18 | | 20 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പനവൂർ

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പനവൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

PR 28.10.2020